milma

# THIRUVANANTHAPURAM REGIONAL CO-OPERATIVE MILK PRODUCERS' UNION LTD.

PATHANAMTHITTA DAIRY,MAMOOD,NARIYAPURAM,
PATHANAMTHITTA -689513
GST NO :32AAAAT9795J5ZT
Email ID : milmapta@gmail.com , milmaptamkt@gmail.com,
PHONE: 9447287190, 8078230145

## TENDER REF No. PD/MKT/42/2024/09 dated **03/02/2024**

## (MILK TRANSPORTATION AND DISTRIBUTION CONTRACT - PATHANAMTHITTA ROUTE)

milma

**THIRUVANANTHAPURAM REGIONAL CO-OPERATIVE MILK PRODUCERS' UNION LTD.**

**PATHANAMTHITTA DAIRY,MAMOOD,NARIYAPURAM,PATHANAMTHITTA -689513**

**GST NO :32AAAAT9795J5ZT**

Email ID : milmapta@gmail.com , milmaptamkt@gmail.com

**PHONE:9447287190,8078230145**

**INVITATION TO BID – E TENDER**

1. The Thiruvananthapuram Regional Co-operative Milk Producers' Union Limited invite E-tenders for milk distribution vehicles. Interested eligible Bidders may obtain further information from the office of the Thiruvananthapuram Regional Co-operative Milk Producers' Union Limited, Ksheera Bhavan, Pattom, Thiruvananthapuram/ Pathanamthitta Dairy, Mamoodu,,Nariyapuram P.O, Pathanamthitta
2. ***The bid shall be submitted in two cover system consisting of technical bid and price bid. The price bid of those who qualify in the technical bid only will be opened.***
3. Detailed terms and conditions as well as technical specifications are contained in the bidding document of the above work which is uploaded in the Kerala Government e-portal www.etenders.kerala.gov.in.

| | |
|---|---|
| Bid Reference | PD/MKT/42/2024/09 dated **03/02/2024** |
| Estimated cost | **2,30,000** / Month |
| Cost of Tender Form | Rs.1180/-(Rupees One Thousand One Hundred and Eighty Only) ( Including gst ) |
| EMD | Rs 25,000 |
| Document Publishing Date | **05/02/2024, 3.00 PM** |
| Date of submission of e-tender | **05/02/2024 to 22/02/2024,** |
| Bid Submission Closing date | **22/02/2024, 10.30 AM** |
| Place of Opening of Bid | **Pathanamthitta Dairy** |
| Date & Time of opening of bids. | **23/02/2024, 11.00 AM** |
| Work for which the tender is invited | **MILK TRANSPORTATION AND DISTRIBUTION CONTRACT PATHANAMTHITTA ROUTE** |
| Technical Specifications/ Schedule | Enclosed. |
| Bid Validity | 90 days |

*Senior Manager*
*Pathanamthitta Dairy*

## Terms & Conditions for e-Procurement

This tender is an e-tender and is being published online. The tender is invited in two cover system from the registered and eligible firms through e-procurement portal of Government of Kerala (https://www.etenders.kerala.gov.in). Prospective bidders willing to participate in this tender shall necessarily register themselves with above mentioned e-procurement portal.
The tender time line is available in the critical date section of this tender published in www.etenders.kerala.gov.in.

**a. Online Bidder registration process:**

Bidders should have a Class II or above Digital Signature Certificate (DSC) to be procured from any Registration Authorities (RA) under the Certifying Agency of India. Details of RAs will be available on www.cca.gov.in. Once, the DSC is obtained, bidders have to register on www.etenders.kerala.gov.in website for participating in this tender. Website registration is a one-time process without any registration fees. However, bidders have to procure DSC at their own cost.
Bidders may contact e-Procurement support desk of Kerala State IT Mission over telephone at 0471- 2577088, 2577188, 2577388 or 0484 – 2336006, 2332262 - through email: etendershelp@kerala.gov.in for assistance in this regard.

**b. Online Tender Process:** The tender process shall consist of the following stages:

i. **Downloading of tender document**: Tender document will be available for free download on www.etenders.kerala.gov.in. However, tender document

fees shall be payable at the time of bid submission as stipulated in this tender document.

ii. **Pre-bid meeting**: 3 days before submission of Tender, at TRCMPU Head Office,Ksheera Bhavan, Pattom

iii. **Publishing of Corrigendum**: All corrigenda shall be published on www.etenders.kerala.gov.in and shall not be available elsewhere.

iv. **Bid submission:** Bidders have to submit their bids along with supporting documents to support their eligibility, as required in this tender document on www.etenders.kerala.gov.in. No manual submission of bid is allowed and manual bids shall not be accepted under any circumstances.

v. **Opening of Technical Bid and Bidder short-listing**:
The technical bids will be opened, evaluated and short listed as per the eligibility and technical qualifications. All documents in support of technical qualifications shall be submitted (online). Failure to submit the documents online will attract disqualification. Bids short listed by this process will be taken up for opening the financial bid.

vi. **Opening of Financial Bids:** Bids of the qualified bidder's shall only be considered for opening and evaluation of the financial bid on the date and time mentioned in critical date's section

**c. Documents Comprising Bid:**

**i. The First Stage (Pre-Qualification or Technical Cover based on 1cover or 2 cover tender system):**

Pre-Qualification or technical proposal shall contain the scanned copies of the following documents, which every bidder has to upload:

a. Self attested copy of RC book to prove the ownership of the vehicle/ Document to prove the make (Year) of the vehicle

**OR**

Proforma invoice in case new vehicle is being purchased

**OR**

Agreement (format attached Page no.45) executed by the tenderer for producing the vehicle as per the tender norms within the stipulated period specified by dairy

b)Documents in proof of PUF insulation done for the container body of the vehicle, in case the vehicle is having PUF insulation at present.

c)Copy of Aadhaar Card in proof of Address.

d)Tender document duly signed on all sheets.

e) Agreement (format enclosed) executed in Rs.200/- Stamp paper. (page No13 & 14 )

The department doesn't take any responsibility for any technical snag or failure that has taken place during document upload.

**ii. The Second Stage** (Financial Cover or as per tender cover system**):**
The Bidder shall complete the Price bid as per format given for download along with this tender.
**Note**: The blank price bid should be downloaded and saved on bidder's computer without changing file-name otherwise price bid will not get uploaded. The bidder should fill in the details in the same file and upload the same back to the website.

**Fixed price:** Prices quoted by the Bidder shall be fixed during the bidder's performance of the contract and not subject to variation on any account. A bid submitted with an adjustable/ variable price quotation will be treated as non - responsive and rejected.

**d. Tender Document Fees and Earnest Money Deposit (EMD)**

The Bidder shall pay, a tender document fee and Earnest Money Deposit or Bid Security. The Bid security is required to protect the purchaser against risk of Bidder's conduct, which would warrant the forfeiture of security.

**e. STEPS FOR MAKING TENDER PAYMENTS IN ETENDER SYSTEM VIA SBI MOPS GATEWAY**

**(SBI AND NON-SBI ACCOUNT HOLDERS)**

**Step 1)** Click **"Pay Online"** when you reach below page while Online Bid Submission.

**Step 2)** Click **"Confirm to Pay"** to proceed with the payment gateway.
*Note: Please ensure that you have availed Tender Fee / EMD Exemption, if eligible. Further, there would not be any provision to change back, under any circumstances.*

**Step 3)** Verify that the Tender fee and EMD shown are correct, as per tender document. Then, select the payment option SBI MOPS and Submit.
*Note: In case of any mismatch in tender payments, with reference to tender documents, please contact TIA for clarifications.*

**Step 4) Check and Follow the Terms and Conditions, and then Submit,**

**Step 5)** Bidders may choose their respective bank for accessing Internet Banking Facility.

**SBI ACCOUNT HOLDERS**

- Bidders with SBI account may click SBI option to proceed to its Net Banking Page
- Bidders may enter SBI Net banking user ID and Password and Click on **Login** to proceed.
- **Please ensure that your account has sufficient balance**, before proceeding further. After checking the same, Click **Confirm** button to transfer payment. After account debit, MOPS gateway will automatically re-direct to the eProcurement System, with the Success transaction.
- You will receive bank response immediately by verifying the payment status, whether **Success** or not. **In case, payment was debited from account and further, Payment Failure** is shown, immediately contact the e-Procurement helpdesk, for resolution, **before tender closing time.**
- Click **next** to go to Bid Preparation details.
- Please ensure that the **Pay Online** option is not shown after successful payment, as below, for confirmation. From here, you may proceed with **Encrypt and Upload** to upload tender documents, and further submission process.

**OTHER BANKS:**

a) Bidders with other bank account may click **Other Banks** option to proceed to SBI Net Banking Page

b) You may select the appropriate Bank from selection page. As an example, steps are given below, proceeding with ICICI Bank in the provided dropdown box of All Banks, as an example.

c) After selecting ICICI Retail Banking, Click **Make Payment** Button to proceed to its internet banking page. Further steps may depend on the Bank Procedure.

d) After, successful payment, system will direct you to payment confirmation page.

e) You will receive bank response immediately by verifying the payment status, whether Success or not. In case, payment was debited from

account and further, Payment Failure is shown, immediately contact the e-Procurement helpdesk, for resolution, before tender closing time.

f) Click **next** to go to Bid Preparation details.

g) Please ensure that the Pay Online option is not shown after successful payment, for confirmation. From here, you may proceed with **Encrypt and Upload** to upload tender documents, and further submission process.

For any clarifications regarding above payment process or related issues in Kerala e-Procurement System, please reach KSITM e-Procurement Helpdesks via below details:

**Thiruvananthapuram**
Address: Kerala State IT Mission
E-Government Procurement PMU and Helpdesk,
Basement floor of Pension Treasury Building,
Uppallam Road, Statue,
Thiruvananthapuram

Tel :( On all Government working days from 10:00 am to 5:30 pm)
0471 – 2577088, 0471 – 2577188, 0471 - 2577388
E-Mail:helpetender@gmail.com

**Kochi**
Address: Kerala State IT Mission
E-Government Procurement Support Centre, Infopark Technology Centre,
18C, Sector E Hall, JNI Stadium, Kaloor,
Ernakulam

Tel :( On all Government working days from 10:00 am to 5:30 pm )
0484 – 2336006, 0484 – 2332262
E-Mail:helpetenderekm@gmail.com

**Kannur**
Address: Kerala State IT Mission
E-Government Procurement Support Centre,
1st Floor, Civil Station, Collectorate,
Kannur

Tel :( On all Government working days from 10:00 am to 5:30 pm )
0497 – 2764788, 0497 – 2764188
E-Mail:helpetenderknr@gmail.com

**Malappuram**
Address: Kerala State IT Mission
E-Government Procurement Support Centre, 1st Floor,B3 Block, District Collectorate Compound
Malappuram.
(On all Government working days from 10:00 am to 5:30 pm)
Tel: 0483-2732941
E-Mail:helpetendermlp@gmail.com

**f. SUBMISSION PROCESS:**
For submission of bids, all interested bidders have to register online as explained above in this document. After registration, bidders shall submit their Technical bid and Financial bid online on www.etenders.kerala.gov.in along with online payment of tender document fees and EMD. For page by page instructions on bid submission process, please visit www.etenders.kerala.gov.in and click "Bidders Manual Kit" link on the home page.
It is necessary to click on "Freeze bid" link/ icon to complete the process of bid submission otherwise the bid will not get submitted online and the same shall not be available for viewing/ opening during bid opening process.

## TERMS & CONDITIONS

**1. Security (Earnest Money Deposit):**

a. The Bidder shall furnish, as part of its bid, bid security for the amount as specified in the invitation for bid through **ONLINE as indicated in the E-tender notice.**
b. The bid security is required to protect the TRCMPU against the risk of Bidder's conduct, which would warrant the security's forfeiture.
c. The bid securities of the unsuccessful bidders shall be refunded as promptly as possible, but not later than 30 days after the expiry of the period of bid validity as prescribed in these documents through **ONLINE NEFT TRANSACTION.**
d. No interest shall be paid by TRCMPU on the bid security furnished by the bidder.

e. The bid security may be forfeited if a Bidder withdraws its bid during the period of bid validity specified by the Bidder on the Bid Form; or in the case of successful Bidder, if the Bidder fails:

I. To sign the contract

II. To furnish performance security

**2. Documents**

The documentary evidence of the Bidder's qualifications to perform the Contract if its bid is accepted shall be established to the TRCMPU's satisfaction. To this end, all bids submitted shall include the following documents.

a. Self attested copy of RC book to prove the ownership of the vehicle/ Document to prove the make (Year) of the vehicle

**OR**

Proforma invoice in case new vehicle is being purchased

**OR**

Agreement (format attached Page no. 45) executed in Rs.200/-Stamp paper by the tenderer for producing the vehicle as per the tender norms within the stipulated period specified by dairy

b)Documents in proof of PUF insulation done for the container body of the vehicle, in case the vehicle is having PUF insulation at present.

c)Copy of Aadhaar Card in proof of Address.

d)Tender document duly signed on all sheets.

e)Agreement (format enclosed) executed in Rs.200/-Stamp paper.(page No.13&14)

**3. Price Basis:**

The bidder shall quote their rates in the standard BOQ provided indicating the breakup details. The quoted rate shall be inclusive of all applicable taxes, duties, packing and forwarding, freight and insurance.

**4. Validity**

The offer should remain valid for acceptance for a period of 90 (Ninety) days from the date of opening of bids.

# TECHNICAL SPECIFICATIONS: 3 MT and 5 MT PUFF INSULATED CONTAINER

**Insulated Body**

1. The external wall of the container shall be of corrugated design for strength and longevity.
2. The outer shell shall be manufactured out of Mild Steel, press formed into various profiles The structural shall be made out of 2.5 mm thickness sheet and side/end panels will be of corrugated sheet of thickness of 1.6 mm. All cross members shall be manufactured out of 2.5 mm thick SS 202 grade sheet.
3. All bolts and nuts used in the fabrication work shall be of stainless steel.
4. Outer shell shall be of all- welded construction and welding done with CO2 shielded MIG welding process.
5. The container roof, side & end wall panels shall be made out of 1.6 mm thick MS Corrugated sheet.
6. All panel joints shall be continuously welded for better strength and appearance.
7. The Body, outer shell after fabrication, shall be chemical treatment to remove rust, dirt and other materials.
8. The cleaned surface shall be painted in spray – painting process. The painting scheme is as under.

| Scheme | Interior | Exterior | Under Structure |
|---|---|---|---|
| Primer Coat | Zinc Rich Epoxy Primer | Zinc Rich Epoxy Primer | Zinc Rich Epoxy Primer |
| Top Coat | | Aspa Auto Coat | Bituminous Paint |

9. The external paint colour shade and marking shall be as per specific requirements from party.
10. All six sides of the body are homogeneously insulated in Polyurethane cast in – situ. The PUF material shall have average density of 40 +/- 2 kgm³ and thermal conductivity value of 0.017 W/m deg.K. The minimum insulation thickness shall be 70 mm.
11. The inner body side/ends and roof shall be lined with 0.3mm thick SS Sheet (304 2B Grade) bonded to Marine Grade Plywood 6 mm thick manufactured out of 100% Keruing Timber.
12. All panel joints are sealed with press formed SS sections fastened with SS pop rivets.
13. For the insulated body the floor shall have 1.6 mm thick SS 304 grade Checkered sheet laid in the form of a tray and all joints welded in the TIG welded process. The skirting will be min.150 mm. The inner bottom shall be lined with Marine Grade Plywood 12 mm thick manufactured out of 100% Keruing Timber.

14. The body shall have 1280 mm width door opening & double leaf-insulated doors fitted with outer seals and door locking mechanisms & Hinges with Hingh Brackets.
15. The body shall be provided with Corner fittings at all eight corners to facilitate easy handling & lashing.
16. The PUF Insulated body suitable for direct mounting on Truck Chassis shall have milk carrying capacity of
    - 245 plastic ISI CRATES OF 12 LTR (471 X 378 X 175 mm) capacity each in the case of 3.0 MT Container.
    - 400 plastic ISI CRATES OF 12 LTR (471 X 378 X 175 mm) capacity each in the case of 3.0 MT Container.
17. Two nos of water proof 12 V light assembly shall be fixed on the top with controls at suitable points.

**Frames & Accessories**

1. The insulated body shall be provided with a integrated frame, which is directly welded / bolted on to bottom structure of the body. The integrated frame will be complete with U bolts, fasteners, balata packing/wooden runners etc for direct mounting on to the chassis.
2. "The PUF Insulated Body" shall be suitable for direct mounting on to the Chassis provided by us, as detailed below. The other accessories such as rear mud guard, rear lamp protection grill ; ring ladder etc shall also be fabricated and supplied.

**The dimensions of the Body for 3.0 MT 245 Trays**

| Dimensions | Length | Width | Height |
|---|---|---|---|
| External | 3075 mm | 1700 mm | 1850 mm |
| Internal | 2875 mm | 1560 mm | 1625 mm |

**The dimensions of the Body for 5.0 MT 400 Trays**

| Dimensions | Length | Width | Height |
|---|---|---|---|
| External | 4020 mm | 2070 mm | 1850 mm |
| Internal | 3820 mm | 1930 mm | 1625 mm |

# <u>കരാർ മാതൃക</u>

**(ദർഘാസിനൊപ്പം 200/- രൂപ മുദ്രപത്രത്തിൽ സമർപ്പിക്കേണ്ടത്)**

ഇന്നേദിവസം അതായത് ........................................................................ തീയതി ............................................ മാസം ..............................വർഷം തിരുവനന്തപുരം മേഖലാ ക്ഷീരോല്പാദക സഹകരണ യൂണിയൻ, തിരുവനന്തപുരം (ഇനി മുതൽ യൂണിയൻ എന്നാവും പരാമർശിക്കുക ) ഒരുഭാഗത്തും......................

..................................................................................................................................................

..............................(ദർഘാസ്കാരന്റെ പേരും, മേൽവിലാസവും) (ഇനി മുതൽ ബാധ്യത പ്പെട്ട ആളെന്നാവും പരാമർശിക്കുക) മറുഭാഗ ത്തുമായി എഴുതി പിടിപ്പിച്ച കരാർ ഉടമ്പടി. ................................................ തീയതിയിലെ വിജ്ഞാപനത്തിന്റ് അല്ലെങ്കിൽ പരസ്യം No.....................................ന്റെ അടിസ്ഥാനത്തിൽ ടി ബാധ്യതപ്പെട്ട ആൾ യൂണിയ ന്റെ ........................................................................................................................

.....................................പാൽ വിതരണത്തിനായി ദർഘാസ് പത്രത്തിൽ പറഞ്ഞിട്ടുള്ള വ്യ വസ്ഥകൾക്കും, നിബന്ധനകൾക്കും വിധേയമായി ദർഘാസ് സമർപ്പിക്കുക ഉണ്ടായി. എന്നാൽ അതിനൊപ്പം ഏതെങ്കിലും കാരണവശാൽ ദർഘാസ്, യൂണിയൻ അംഗീകരി ക്കുകയും ആ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ ഏല്പ്പിച്ച പ്രവൃത്തി കൃത്യമായി പൂർത്തീകരിച്ചുകൊള്ളാമെന്ന വ്യവസ്ഥയിൽ ഉടമ്പടിയിൽ ഏർപ്പെടുന്ന തിന്റെ ഭാഗ മായി നിരതദ്രവ്യമായി .................................... രൂപ (രൂപ ............ ........................................................................) യൂണിയനിൽ കെട്ടിവച്ചിട്ടുള്ളതുമാകുന്നു. എന്നാൽ ഇത് താഴെപറയുന്ന സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ ഉഭയകക്ഷി സമ്മതപ്ര കാരം ചുവടെ പറയും വിധം ഇതിനോടൊപ്പം എഴുതി ചേർക്കുന്നു.

1. ബാധ്യതപ്പെട്ട ആൾ സമർപ്പിച്ച ദർഘാസ് യൂണിയൻ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ .....................................................................................റൂട്ടിന്റെ കരാർ ബാധ്യതപ്പെട്ട ആൾക്ക് നൽകുന്ന പക്ഷം, ബാധ്യതപ്പെട്ട ആൾ ..............................ദിവസ ത്തിനകം കരാർ ഏറ്റെടുത്ത് കൊണ്ട് ടി കരാർ സംബന്ധിച്ച്യൂണിയൻ മുന്നോട്ടു വച്ചി

ട്ടുള്ള എല്ലാ നിബന്ധനകളും വ്യവസ്ഥകളും പാലിച്ച് നടപ്പിലാക്കാമെന്ന ഉറപ്പിൽ ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ്.

2. ഏതെങ്കിലും കാരണവശാൽ ബാധ്യതപ്പെട്ട ആൾ കരാറിനെ നിയന്ത്രി ക്കുന്ന നിബന്ധനകളുടെയും, വ്യവസ്ഥകളുടേയും അടിസ്ഥാനത്തിൽ ഉടമ്പടിയിൽ ഏർപ്പെടുന്നതിൽ പരാജിതനായാൽ അല്ലെങ്കിൽ പിൻമാറിയാൽ യൂണിയന് ഉചിതമെന്ന് തോന്നുന്ന തീരുമാനം എടുക്കാനും, അത്തരത്തിലുള്ളകരാർ ലംഘനം കാരണം യൂണിയന് ഉണ്ടായേക്കാവുന്ന സകലവിധ കഷ്ട നഷ്ടങ്ങൾക്കും ബാധ്യതപ്പെട്ട ആളിന്റെ നിരതദ്രവ്യം കണ്ട് കെട്ടുന്നതടക്കം, ബാധ്യതപ്പെട്ട ആളിന്റെ സ്ഥാവരജംഗമ വസ്തുക്കളിൽ നിന്ന് വ്യവസ്ഥാപിതമായ മാർഗ്ഗത്തിലൂടെ ഈടാക്കാനുള്ള എല്ലാവിധ അധികാരവും അവകാശവും യൂണിയന് ഉണ്ടായിരിക്കുന്നതാണ്. ഈ ഉടമ്പടി പ്രകാരം യൂണിയന് ഉണ്ടാകുന്ന എല്ലാവിധ കഷ്ട നഷ്ടങ്ങൾക്കും ബാധ്യതപ്പെട്ട ആൾ ഉത്തരവാദിയാകുമെന്നതിനാൽ ബാധ്യതപ്പെട്ട ആളിൽ നിന്ന് എല്ലാവിധ കഷ്ട നഷ്ടങ്ങളും ഈടാക്കുവാനുള്ള അധികാരവും അവകാശവും യൂണിയന് ഉണ്ടായിരിക്കുന്നതാണ്.

സാക്ഷികളുടെ സാന്നിധ്യത്തിൽ ശ്രീ ..............................................................................

(പേരും, ഉദ്യോഗപേരും) യൂണിയന്റെ പേരിൽ, യൂണിയന് വേണ്ടിയും ശ്രീ....................................................................................................എന്ന ബാധ്യതപ്പെട്ട ആളും പരസ്പരം ചേർന്ന് സമ്മതിച്ച് അവരവരുടെ ഒപ്പിന് നേരെ സൂചിപ്പിച്ചിട്ടുള്ള തീയതിയിലും വർഷത്തിലും എഴുതിപ്പിടിപ്പിച്ച കരാർ ഉടമ്പടി.

ഒപ്പ് ......................................................................................(തീയതി)...........................................

സാക്ഷികൾ :-

1. 2.

ഒപ്പ് ......................................................................................(തീയതി)...........................................

സാക്ഷികൾ :-

1. 2.

| Tender Schedule | | | | | | | | |
|---|---|---|---|---|---|---|---|---|
| Sl No | Name of route | No of trips | Approx. Total Distance (± 10 %) | Basic Volume (Lit) inclusive of Milk, Curd &Sambharam | Type of Vehicle | No of trays / trip (ISI tray) | Tentative commen-cement date | EMD Amount |
| 1 | Pathanamthitta | 2 | 140 | 7000 | Puff Insulated | 285 | April 2024 | 25000 |

ടെണ്ടർ നമ്പർ:PD/MKT/42/2024/09 dated 03/02/2024

ദർഘാസ് സമർപ്പിക്കാനുള്ള
അവസാന തീയതി /സമയം. **22/02/2024, 10.30 AM**

മിൽമ

# തിരുവനന്തപുരം മേഖലാ ക്ഷീരോല്പാദക സഹകരണ യൂണിയൻ ക്ലിപ്തം.

ക്ഷീരഭവൻ, പട്ടം, തിരുവനന്തപുരം – 695004

പാലിന്റേയും, പാൽ ഉല്പന്നങ്ങളുടെയും വിതരണ വാഹനങ്ങളുടെ കരാറും, അനുബന്ധ പട്ടികയുമായി ബന്ധപ്പെട്ട പൊതുവായതും, പ്രത്യേകമായതുമായ നിബന്ധകൾ.

(എല്ലാ പേജിലും നിർബന്ധമായി ഒപ്പിട്ട് അപ്‌ലോഡ് ചെയ്യേണ്ടതാണ്)

---

ദർഘാസ് സമർപ്പിക്കുന്ന

ആളിന്റെ പേര്: ശ്രീ/ശ്രീമതി.................................................

മേൽവിലാസം: .................................................

.................................................

.................................................

.................................................

ദർഘാസ് സമർപ്പിക്കുന്ന ആളിന്റെ ഒപ്പ്

## പൊതുവായ നിർദ്ദേശങ്ങൾ

വിതരണക്കാർക്കും, അംഗീകൃത ഏജന്റുമാർക്കും, വിതരണ കേന്ദ്രങ്ങളിലേക്കും തിരുവനന്തപുരം/കൊല്ലം/പത്തനംതിട്ട/ആലപ്പുഴ ഡെയറിൽ നിന്ന് പാലിന്റേയും, പാൽ ഉൽപ്പന്നങ്ങളുടേയും, വിതരണം, വിജ്ഞാപന ത്തിന്റേയും/അനുബന്ധ പട്ടികയുടെയും അടിസ്ഥാനത്തിൽ ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

### വ്യവസ്ഥകളും നിബന്ധനകളും

1. വിജ്ഞാപനത്തിൽ പ്രതിപാദിച്ചിട്ടുള്ള ദർഘാസ് പത്രികയുടെ വില ടി.ആർ.സി.എം.പി.യു–വിന്റെ അക്കൗണ്ടിൽ ഒടുക്കേണ്ടതാണ്. ദർഘാസ് പത്രികയുടെ വില മടക്കിനൽകുന്നതല്ല.

2. ദർഘാസുകൾ വിഞ്ജാപനത്തിൽ പറഞ്ഞിട്ടുള്ള തീയതിയ്ക്കും സമയത്തിനും മുൻപായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള കാലാവധിവരെ രേഖപ്പെടുത്തിയ നിരക്ക് നിലനിൽക്കുന്ന തായിരിക്കും. നിശ്ചിത തീയതിയ്ക്കും, സമയത്തിനും ശേഷം ലഭിക്കുന്ന ദർഘാസുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

3. ഓരോ ദർഘാസിനൊപ്പം നിശ്ചിത നിരക്കിലുള്ള നിരതദ്രവ്യം അടയ്ക്കേണ്ടതാണ് ചെക്കുകളോ മറ്റ് ധനവിനിമയ രേഖകളോ നിരതദ്രവ്യ മായി സ്വീകരിക്കുന്നതല്ല. കരാർലഭിക്കാതെ പോയ ദർഘാസ് സമർപ്പിച്ചവ രുടെ നിരതദ്രവ്യം കരാർ ഉറപ്പിച്ചശേഷം മടക്കി നൽകുന്നതും, കരാർ ലഭിച്ച ദർഘാസുകാരന്റെ നിരതദ്രവ്യം, കരാർ അംഗീകരിച്ച കത്ത് ലഭിക്കുന്ന മുറയ്ക്ക് അതിൽ പറയുന്ന പ്രകാരം ആവശ്യമായ സെക്യൂരിറ്റി ഡെപ്പോസി റ്റും, സമ്മതപത്രവും സ്വീകരിച്ചതിന് ശേഷം മടക്കിനൽകുന്നതുമായിരിക്കും. ദർഘാസുകൾ തുറന്ന ശേഷം, കരാർ ലഭിച്ചകരാറുകാരൻ കരാറിൽ നിന്ന് പിൻമാറിയാൽ നിരതദ്രവ്യം കണ്ട്കെട്ടുന്നതായിരിക്കും. നിരതദ്രവ്യത്തിന് യാതൊരുവിധത്തിലുള്ള പലിശയും നൽകുന്നതല്ല.

4. <u>ആവശ്യമുള്ള പക്ഷം, കരാറിന്റെ വ്യവസ്ഥകളും, നിബന്ധനകളും വ്യക്തമാ</u>

ക്കുന്നതിനും വിശദീകരിക്കുന്നതിനും വേണ്ടി കരാറിന് മുമ്പായി ഒരു പ്രീ. ബിഡ് മീറ്റിംഗ് റ്റി.ആർ.സി.എം.പി.യു ഹെഡ്ഡ് ഓഫീസിൽ വിളിച്ച് ചേർക്കുന്നതായിരിക്കും. പ്രസ്തുത പ്രീ.ബിഡ് മീറ്റിംഗ്, കരാർ സമർപ്പിക്കേണ്ട ദിവസത്തിന് മൂന്ന് ദിവസം മുൻപായിരിക്കും വിളിച്ച് കൂട്ടുക.

5. ഇരുന്നൂറ് രൂപ മുദ്ര പത്രത്തിൽ അച്ചടിച്ച കരാർപത്രം ഒപ്പിട്ട് ദർഘാസ് സമർപ്പിക്കുന്നവർ ദർഘാസിനൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതാണ്. കരാർ പത്രത്തിന്റെ മാതൃക, ദർഘാസ് പത്രികയോടൊപ്പം കൂട്ടി ചേർത്തിട്ടുള്ളതും ആകുന്നു. മുദ്രപത്രത്തിൽ എഴുതി ഒപ്പിട്ട കരാർപത്രം ദർഘാസ് പത്രികയോടൊപ്പം അപ്‌ലോഡ് ചെയ്യാത്ത പക്ഷം ദർഘാസ് തൽക്ഷണം നിരസിക്കുന്നതായിരിക്കും. നിശ്ചിത ദിവസം നിശ്ചിത സമയത്ത് ദർഘാസ്സുകൾ തുറന്ന് പരിശോധിക്കുന്നതായിരിക്കും.

6. മൂന്നിൽ കുറയാത്ത ദർഘാസുകൾ ലഭിക്കുന്ന പക്ഷം ഏറ്റവും കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ ആളെ മാത്രമേ കൂടി ആലോചനയ്ക്കായി ക്ഷണിക്കുകയുള്ളൂ. അല്ലാത്ത പക്ഷം മാനേജ്മെന്റിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മറ്റ് ഏതെങ്കിലും 2 സമാനമായ റൂട്ടുകളിൽ ദർഘാസ് സമർപ്പിച്ച L2 വിനും (രണ്ടാമനായി നിരക്ക് രേഖപ്പെടുത്തിയ ആൾ) L3യ്ക്കും (മൂന്നാമനായി നിരക്ക് സമർപ്പിച്ച ആൾ), സമർപ്പിച്ച നിരക്ക് മേൽപറഞ്ഞ 3 പേരുടെയും നിരക്കുകളെക്കാൾ കുറവാണെങ്കിൽ അവർക്ക് നിരക്ക് മാറ്റി കരാർ നേടാനുള്ള അവസരമെന്ന നിലയ്ക്ക് നിശ്ചിതഫോറത്തിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

7. എന്ന് വരികിലും ടെണ്ടർ വിജ്ഞാപനത്തിൽ പറയുന്ന ഏത് റൂട്ടും ഒരു കാരണവും വ്യക്തമാക്കാതെ തന്നെ ഏകപക്ഷീയമായി റദ്ദ് ചെയ്യാനുള്ള അവകാശം മാനേജ്മെന്റിൽ നിക്ഷിപ്തമാണ്.

8. ഏതെങ്കിലും കരാറുകാരൻ ടെൻഡർ കാലാവധി പൂർത്തിയാക്കാതെ ടെണ്ടറിൽ നിന്ന് പിൻമാറുന്ന പക്ഷം ടിയാന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് യൂണിയനിലേയ്ക്ക് കണ്ട് കെട്ടുന്നതും അയാൾക്കെതിരെ യൂണിയന് യുക്തമെന്ന് തോന്നുന്ന നടപടികൾ സ്വീകരിക്കാവുന്നതുമായിരിക്കും.

9. ഏറ്റവും കുറഞ്ഞ നിരക്കിൽ രേഖപ്പെടുത്തിയ ദർഘാസ്സോ, സമർപ്പിക്കപ്പെട്ട

വയിൽ ഏത് ദർഘാസ്സോ ഏകപക്ഷീയമായി നിരസിക്കാനുള്ള അവകാശം മാനേജിംഗ് ഡയറക്ടർ, തിരുവനന്തപുരം ക്ഷീരോല്പ്പാദകസഹകരണ യൂണിയൻ ക്ലിപ്തത്തിൽ നിക്ഷിപ്തമാണ്. കരാർ ലഭിച്ച റൂട്ടിൽ ഉൾപ്പെട്ട മറ്റേതെങ്കിലും പ്രവൃത്തികൾ അനുവദിച്ച് നൽകുന്നപക്ഷം അവകൂടി പൂർത്തീകരിക്കാൻ കരാറുകാരന് ഉത്തരവാദിത്വവും, ബാദ്ധ്യതയും ഉള്ളതാകുന്നു.

10. കരാർ അംഗീകരിച്ച് കൊണ്ടുള്ള അറിയിപ്പ് ലഭിച്ചശേഷം, കരാറുകാരൻ കരാർ പത്രിക നിശ്ചിതസമയത്തിനുള്ളിൽ സമർപ്പിച്ചാൽ മാത്രമേ കരാർ പൂർത്തിയായതായി കണക്കാക്കാനാവൂ. കരാർ ലഭിച്ച കരാറുകാരൻ നിർദ്ദിഷ്ട രൂപത്തിലുള്ള കരാർ പത്രിക ഇരുന്നൂറ് രൂപ വിലയുള്ള മുദ്രപത്രത്തിൽ എഴുതി ഒപ്പിട്ട് നൽകുന്നതോടു കൂടി മാത്രമേ കരാർ ഉടമ്പടി പ്രാബല്യത്തിൽ വരുകയുള്ളൂ. നിശ്ചിത രൂപത്തിലുള്ള കരാർ ഉടമ്പടിയുടെ പകർപ്പ് റ്റി.ആർ.സി.എം.പി.യുവിന്റെ ബന്ധപ്പെട്ട യൂണിറ്റുകളിൽ നിന്ന് ലഭിക്കുന്നതാണ്. കരാറിലേർപ്പെടുന്നതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന മുദ്രപത്രത്തിന്റെ വിലയും വക്കീൽ ഫീസ് അടക്കമുള്ള മറ്റ് ചിലവുകൾ കരാറുകാരൻ തന്നെ വഹിക്കേണ്ടതാണ്. നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ കരാർ ഉടമ്പടിയിലേർപ്പെടുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം താഴെ പറയുന്നവിധം പിഴ കരാറുകാരനിൽ നിന്നും ഈടാക്കുന്നതായിരിക്കും.

B. കരാർ ലഭിച്ച വ്യക്തി കരാർ ഉടമ്പടി ഒപ്പിടുന്നതിന് മുൻപ് കരാർ അംഗീകരിച്ചുകൊണ്ട് അയച്ച കത്തിൽ പറയുന്ന തീയതിയ്ക്ക് മുൻപായി 5T വാഹനത്തിന് Rs.80,000/- 3T വാഹനത്തിന് Rs.60,000/- 2T വാഹനത്തിന് Rs.40,000/- 1T വാഹനത്തിനും മറ്റ് വാഹനങ്ങൾക്കും (ജീപ്പ്, കാർ മുതലായവ) Rs.20,000/- എന്ന നിരക്കിൽ പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റ് അടയ്ക്കേണ്ടത് കരാർ ഉടമ്പടിയുടെ പൂർത്തീകരണത്തിന് അനിവാര്യമാണ്.

C. മുകളിൽ പറഞ്ഞപോലെ കരാർ ലഭിച്ച കരാറുകാരൻ സെക്യൂരിറ്റി തുക അടയ്ക്കുന്നതിലോ, കരാർ ഉടമ്പടിയിലേർപ്പെടുന്നതിലോ വീഴ്ച വരുത്തുന്ന പക്ഷം ടി ആളുടെ നിരതദ്രവ്യം യൂണിയൻ കണ്ടുകെട്ടുന്നതും, അത് വഴി യൂണിയനുണ്ടായ കഷ്ടനഷ്ടങ്ങൾക്ക് വീഴ്ച വരുത്തിയ കരാർ ലഭിച്ച ആൾ ഉത്തരവാദിയാകുന്നതും, അയാൾക്ക് ലഭിച്ച കരാറിൽ നിന്ന് ഏതൊരു വിധലാഭത്തിനും അയാൾ അർഹനല്ലാത്തതുമാകുന്നതിനൊപ്പം യൂണിയന് മറ്റൊരാളുമായി കരാറിലേർപ്പെടാൻ അവകാശമുണ്ടായിരിക്കുന്നതുമാ

യിരിക്കും. വീഴ്ച വരുത്തിയ സ്ഥാപനം രജിസ്റ്റർ ചെയ്ത സ്ഥാപനമാണെങ്കിൽ രജിസ്ട്രേഷൻ റദ്ദാക്കാൻ വേണ്ടനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

D. കരാർ ഏറ്റെടുത്ത ആൾ കരാർ പൂർണ്ണമായി നടപ്പിലാക്കുന്നതിലോ, കാലാവധി പൂർത്തിയാക്കുന്നതിലോ വീഴ്ച വരുത്തുകയോ, യൂണിയന്റെ വസ്തുവകകൾക്ക്, അയാളുടെ പ്രവൃത്തി കാരണം ഏതെങ്കിലും തരത്തിലുള്ള കഷ്ടനഷ്ടങ്ങളുണ്ടാവുകയോ, ഡെയറിയുടെ സുഗമമായപ്രവർത്തനങ്ങൾക്ക് എന്തെങ്കിലും തടസ്സം ഉണ്ടാകുകയോ, അന്തസ്സിന് നിരക്കാത്ത പ്രവർത്തനത്തിൽ ഏർപ്പെടുകയോ ചെയ്യുന്ന പക്ഷം താഴെ ഒപ്പിട്ടിട്ടുള്ള ഉദ്യോഗസ്ഥന് അദ്ദേഹത്തിന്റെ വിവേചനാധികാരം ഉപയോഗിച്ച് പുതിയ ദർഘാസ് വിളിക്കാനോ/ക്വട്ടേഷൻ സ്വീകരിക്കാനോ, മറ്റൊരാളുമായി ധാരണ ഉണ്ടാക്കാനോ തൊട്ടടുത്ത ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ ദർഘാസ് സമർപ്പിച്ച ആളുമായി പുതിയ കരാറിൽ ഏർപ്പെടാനോ അവകാശമുണ്ടായിരിക്കുന്നതാണ്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് യൂണിയനുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ടവരുമായി ചേർന്നോ അല്ലാതെയോ വീഴ്ച വരുത്തിയ കരാറുകാരനിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കാവുന്നതാണ്.

11. കരാറിന്റെ കാലാവധി

**കരാർ ആരംഭിച്ച ദിവസം മുതൽ മൂന്ന് വർഷകാലമാണ് കരാറിന്റെ കാലാവധി, എന്നാൽ മാനേജിംഗ് ഡയറക്ടർ, റ്റി.ആർ.സി.എം.പി.യു-വിന്റെ വിവേചനാധികാരം ഉപയോഗിച്ച് തുടർന്ന് 6 മാസക്കാലം കൂടി നീട്ടി നൽകാവുന്നതാണ്**. അങ്ങനെ ദീർഘിപ്പിച്ച കാലാവധിയായ പരമാവധി 6 മാസംവരെ ഒരു തടസ്സവും കൂടാതെ പാൽ വിതരണം നിർവഹിക്കാൻകരാറുകാരൻ ബാദ്ധ്യസ്ഥനാണ്. **കരാർ തുടങ്ങി ആദ്യ മൂന്ന് മാസക്കാലയളവ് താൽക്കാലിക അടിസ്ഥാനത്തിൽ ആയിരിക്കും.** ഈ കാലയളവിൽ കരാറുകാരന്റെ സേവനം തൃപ്തികരമല്ലെങ്കിലോ, വാഹനത്തിന്റെ പഫ് ഇൻസുലേഷൻ നിഷ്കർഷിച്ച ഗുണനിലവാരം പുലർത്താതെ ഉൽപ്പന്നങ്ങളുടെ ഗുണമേൻമ സംരക്ഷിക്കാൻ കഴിയുന്നില്ല എന്ന് ഡെയറിക്ക് ബോധ്യപ്പെട്ടാലോ കരാർ റദ്ദ് ചെയ്യാവുന്നതാണ്. കരാർ എന്ന് മുതൽ ആരംഭിക്കണമെന്നത് ബന്ധപ്പെട്ട യൂണിറ്റ് കരാറുകാരനെ അറിയിക്കുന്നതായിരിക്കും.

12. ഇവിടെ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയ മായിട്ടായിരിക്കും കരാർ പൂർത്തീകരിച്ച് മൂന്ന് മാസങ്ങൾക്ക് ശേഷം സെക്യൂരിറ്റി ഡെപ്പോസിറ്റ് മടക്കി നൽകുക, എന്നാൽ എന്തെങ്കിലും തർക്കങ്ങൾ യൂണിയനും കരാറുകാരനുമായി നിലനിൽക്കുന്ന പക്ഷം തർക്കം പരിഹരിക്കുന്നതു വരെ സെക്യൂരിറ്റി ഡെപ്പോസിറ്റ് പിടിച്ച് വയ്ക്കാവുന്നതും ഏതെങ്കിലും തരത്തിലുള്ള നഷ്ടമോ, ചിലവോ, പിഴയോ,കുടിശ്ശികയോ കരാറുകാരനിൽ നിന്ന് ലഭിക്കാനുണ്ടെങ്കിൽ അത് മേൽപറഞ്ഞ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്ന് ഈടാക്കാവുന്നതുമാണ്. അത് പോലെ തന്നെ മേൽ പറഞ്ഞ ബാദ്ധ്യതകൾ കരാറുകാരന് ഏതെങ്കിലും കാലത്ത് യൂണിയൻ നൽകാനുള്ള മറ്റേതെങ്കിലും തുകയിൽ നിന്നു ഈടാക്കാവുന്നതുമാണ്.

13. കരാറുമായി ബന്ധപ്പെട്ട് കരാറുകാരനുമായുള്ള എല്ലാ പണമിടപാടുകളും ഡിമാന്റ് ഡ്രാഫ്റ്റായോ, ബാങ്ക് ട്രാൻസ്ഫറായോ ആയിട്ടായിരിക്കും തിരുവനന്തപുരം ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം ചെയ്യുന്നത്.

14. **കരാർ കാലയളവിൽ TRCMPU LTD നും കരാറുകാരനും വ്യക്തമായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ കരാറിൽ നിന്ന് പിൻമാറാവുന്നതാണ്. എന്നാൽ അത്തരത്തിലുള്ള പിൻമാറ്റം നിലവിൽ വരണമെങ്കിൽ മുൻകൂറായി മൂന്ന് മാസം മുൻപായി നോട്ടീസ് നൽകേണ്ടതാണ്. നോട്ടീസ് കൈപ്പറ്റിയ ദിവസം മുതലാണ് നോട്ടീസിന്റെ മൂന്ന് മാസ കാലാവധി ആരംഭിക്കുന്നത്. ഏതെങ്കിലും സാഹചര്യത്തിൽ മൂന്ന് മാസ നോട്ടീസ് കാലാവധി പൂർത്തീകരിക്കുന്നതിന് മുൻപ് കരാറുകാരൻ കരാറിൽ നിന്ന് പിൻമാറിയാൽ ആയത് കരാറിന്റെ ലംഘനമായി കണക്കാക്കി കരാറുകാരന്റെ സെക്യൂരിറ്റി ഡിപ്പോസിറ്റ് കണ്ട്കെട്ടുന്നതായിരിക്കും. അത്തരത്തിൽ കരാറുകാരൻ കരാറിൽ നിന്ന് സ്വയം പിൻമാറുകയോ, റദ്ദ് ചെയ്യപ്പെടുകയോ ചെയ്താൽ, കരാറുകാരൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ തുടർന്നുള്ള 5 വർഷക്കാലം TRCMPU LTD –മായി കരാറുകളിലേർപ്പെടാൻ യോഗ്യത ഉണ്ടായിരിക്കുന്നതല്ല.**

15. കരാർ പൂർണ്ണമായോ, ഭാഗീകമായോ അതിന്റെ ഗുണമോ, ബാദ്ധ്യതയോ മറ്റൊരാളെയോ മറ്റേതെങ്കിലും കോർപ്പറേറ്റ് സ്ഥാപനത്തിനോ മാറ്റിക്കൊടുക്കാനോ, മറിച്ച് കൊടുക്കാനോ പാടുള്ളതല്ല.കരാറുകാരൻ കരാർ ഭാഗികമായോ പൂർണ്ണമായോ മറ്റൊരാൾക്കോ മറ്റൊരുകോർപ്പറേറ്റ് സ്ഥാപനത്തിനോ താഴെ ഒപ്പിട്ട ഉദ്യോഗസ്ഥന്റെ അംഗീകാരത്തോടെ അല്ലാതെ മറിച്ച് നൽകാനോ കൈമാറ്റം ചെയ്യാനോ പാടില്ലാത്തതും അഥവാ അംഗീ

കാരവിധേയമായി നൽകിയാലും, കരാറിന്റെ നടത്തിപ്പിൽ വീഴ്ച വരുത്തുകയോ, തൃപ്തികരമല്ലാതെ പ്രവൃത്തിക്കുകയോ ചെയ്താൽ നൽകിയ അംഗീകാരം ഏത് സമയത്തും പിൻവലിക്കാനും അതിന്മേൽ ഉണ്ടാകുന്ന ഏത് തരത്തിലുള്ള കഷ്ട നഷ്ടങ്ങൾക്കും കരാറുകാരനോ, ഉപകരാറുകാരനോ നഷ്ടപരിഹാരത്തിന് അർഹത ഉണ്ടാവുന്നതല്ലെന്നും എന്നാൽ അതിൽ നിന്ന് യൂണിയന് ഉണ്ടായേക്കാവുന്ന കഷ്ട നഷ്ടങ്ങളുടെ ബാദ്ധ്യത, കർത്തവ്യം, ഉത്തരവാദിത്തം എന്നിവ ഈ കരാർ പ്രകാരം കരാറുകാരന് തന്നെ ആയിരിക്കുന്നതുമാണ്.

16. ഏതെങ്കിലും കാരണവശാൽ കരാറുകാരൻ പാപ്പരാകുകയോ, സ്ഥാപനം നിർത്തലാക്കേണ്ടിവരുകയോ, കടപ്പെട്ടവരുടെ താല്പര്യത്തിന് വിധേയമായി കർത്തവ്യങ്ങൾ ഏറ്റെടുക്കേണ്ടിവരുകയോ, കടം തീർക്കുന്നതിലേയ്ക്കായി കടപ്പെട്ടവരുടെ താല്പര്യത്തിന് വിധേയമായി എന്തെങ്കിലും ചെയ്യേണ്ടിവരുകയോ, കടപ്പെട്ടവരുടെ മേൽ നോട്ടത്തിലും പരിശോധനയിലും കരാറുകാരന് സ്വന്തം വ്യാപാരം നടത്തേണ്ടിവരുകയോ അല്ലെങ്കിൽ ഏതെങ്കിലും ഓർഡറിന്റെ അടിസ്ഥാനത്തിലോ അതുമല്ലെങ്കിൽ കരാറുകാരന്റെ വസ്തുവകകളുടെ നോക്കിനടത്തിപ്പ് ഒരു ഓർഡർ മുഖേന പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കുകയോ, ഈ കരാറിൽ പറയുന്ന നിബന്ധനകളുടെ അടിസ്ഥാനത്തിലോ, കരാറുകാരൻ യൂണിയന് ഉണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് ഉത്തരവാദിയാകുന്നതും സെക്യൂരിറ്റി നിക്ഷേപം മുഴുവനായും അത്തരമുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്കായി മുതൽ കൂട്ടുന്നതും അതിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് നോട്ടീസ് നൽകിയ ശേഷം താഴെ ഒപ്പിട്ടിട്ടുള്ള ഉദ്യോഗസ്ഥന് സ്വന്തം തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ TRCMPU വിന് ഈ കരാർ നിശ്ചിത സമയത്ത് നിശ്ചിത തീയതിയിൽ തങ്ങൾക്ക് ഉത്തമമെന്ന് തോന്നുന്ന ആളുകളെ കൊണ്ട് പൂർത്തീകരിക്കാവുന്നതുമാണ്. മുൻവിധികളൊന്നുമില്ലാതെ എടുക്കുന്ന അത്തരം തീരുമാനങ്ങൾക്ക് TRCMPU വിന് കരാറുകാരിൽ നിന്നോ ജാമ്യക്കാരിൽ നിന്നോ കരാർ ലംഘനത്തിന് പരിഹാരം നേടാൻ എല്ലാ അവകാശവും ഉണ്ടായിരിക്കുന്നതാണ്. കരാർ ലംഘനത്തെ തുടർന്ന് ഉണ്ടാകുന്ന എല്ലാ കഷ്ട നഷ്ടങ്ങൾക്കും ചിലവുകൾക്കും കരാറുകാരൻ ഉത്തരവാദിയാകുമെന്നതിനാൽ അവ യൂണിയന് നൽകാൻ ബാദ്ധ്യസ്ഥനുമാകുന്നു. അവ യൂണിയനുനൽകുന്നതിൽ കരാറുകാരൻ വീഴ്ച്ച വരുത്തിയാൽ നിയമ

17. നടപടികളിൽകൂടി അവ വീണ്ടെടുക്കാൻ യൂണിയനു എല്ലാവിധ അവകാശവും അധികാരവും ഉണ്ടായിരിക്കുന്നതാണ്.

18. ഏതെങ്കിലും കാരണവശാൽ കരാറുകാരൻ കരാർ ലംഘിക്കുകയോ, കരാർ പ്രകാരമുള്ള വ്യവസ്ഥകൾ, ധാരണകൾ, ഉടമ്പടികൾ എന്നിവ പാലിക്കാതിരിക്കുകയോ ചെയ്താൽ, ന്യായമായും യൂണിയന് പാലും പാൽ ഉത്പന്നങ്ങളും വിതരണം ചെയ്യാൻ ബദൽ സംവിധാനം (യൂണിയന് ആവശ്യമാണെന്ന് തോന്നിയാൽ), നേരിട്ടോ അല്ലാതെയോ ഒരുക്കാവുന്നതും, അത്തരം ഒരു സാഹചര്യത്തിൽ താഴെ ഒപ്പിട്ട ഉദ്യോഗസ്ഥൻ രേഖാമൂലം കരാർ അവസാനിപ്പിക്കുന്നതായി കരാറുകാരനെ അറിയിക്കേണ്ടതും തുടർന്ന് ബദൽ സംവിധാനം ഒരുക്കാവുന്നതും, അത്തരത്തിൽ ബദൽ സംവിധാനം ഒരുക്കുന്നതിനുള്ള ചിലവുകൾ, കഷ്ടനഷ്ടങ്ങൾ എന്നിവ ഈ കരാറിന്റെ കാലാവധി അവസാനിക്കും വരെ നൽകാൻ കരാറുകാരൻ ബാദ്ധ്യസ്ഥനുമായിരിക്കുന്നതായിരിക്കും. ഏതെങ്കിലും തരത്തിൽ കരാറുകാരന് യൂണിയൻ നൽകേണ്ടതോ കൊടുക്കേണ്ടതോ ആയ ഏതെങ്കിലും തുക ബാക്കി നില്പ്പുണ്ടെങ്കിൽ അതിൽനിന്ന് പൂർണ്ണമായോ, ഭാഗികമായോ കരാർ ലംഘനത്തെ തുടർന്നുണ്ടായ ചിലവുകൾ, കഷ്ടനഷ്ടങ്ങൾ എന്നിവ ന്യായമായും ഈടാക്കാൻ എല്ലാ അവകാശവും യൂണിയന് ഉണ്ടായിരിക്കുന്നതുമാണ്.

19. ഈ കരാറിനെ ചൊല്ലി ഏതെങ്കിലും തരത്തിലുള്ള അഭിപ്രായ വ്യത്യാസങ്ങളോ, തർക്കമോ ഉടലെടുക്കുകയാണെങ്കിൽ ചുവടെ ഒപ്പിട്ട ഉദ്യോഗസ്ഥന്റെ അധികാര പരിധിയിലുള്ള കോടതിയിൽ വേണം നിയമനടപടികൾ സ്വീകരിക്കേണ്ടത്.

20. കരാറുകാരന് ഈ കരാറിന്റെ അടിസ്ഥാനത്തിൽ യൂണിയൻ നൽകേണ്ട ഏത് പണവും (സെക്യൂരിറ്റി ഡെപ്പോസിറ്റ് അടക്കം) കരാറുകാരൻ യൂണിയന്റെ മറ്റേതെങ്കിലും കരാറുമായി ബന്ധപ്പെട്ടോ, യൂണിയൻ അംഗീകരിക്കുകയോ അധികാരപ്പെടുത്തുകയോ ചെയ്തിട്ടുള്ള ഏതെങ്കിലും വ്യക്തിക്കോ നൽകുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം ടി തുകയിൽ നിന്ന് യൂണിയന് ഈടാക്കാവുന്നതാണ്.

21. ഇതിൻപ്രകാരം കരാറുകാരന് നൽകാനുള്ളതോ, നൽകേണ്ടതോ ആയ നോട്ടീസുകൾ, ഓഫീസ് ഓർഡറുകൾ, കത്തുകൾ ഒന്നുകിൽ നേരിട്ടോ അല്ലാത്ത പക്ഷം കരാറുകാരന്റെ വീട്ടിലോ അതുമല്ലെങ്കിൽ അയാൾ അവസാനമായി ഉണ്ടായിരുന്നിടത്തോ, അയാളുടെ വ്യവസായ -വാണിജ്യ കേന്ദ്രത്തിലോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രതിനിധി നേരിട്ടോ അല്ലെങ്കിൽ പോസ്റ്റ് മുഖാന്തിരമോ അയാളുടെ സാധാരണ മേൽവിലാസത്തിലോ

അല്ലെങ്കിൽ അവസാനമായി ഉണ്ടായിരുന്ന സ്ഥലത്തോ, അദ്ദേഹത്തിന്റെ വാണിജ്യ -വ്യാപാര സ്ഥാപനത്തിലോ അയക്കേണ്ടതും, അയച്ചതു മുതൽ സാധാരണഗതിയിൽ അത് അയാൾക്ക് ലഭ്യമായേക്കാവുന്ന തീയതിയിൽ അയാൾക്ക് ലഭിച്ചതായി കണക്കാക്കാവുന്നതുമാണ്.

22. ഒരിക്കൽ അംഗീകരിച്ച നിരക്കുകൾ പിന്നീട് കൂട്ടി നൽകണമെന്ന തരത്തിലുള്ള നിവേദനങ്ങളും അപേക്ഷകളും പരിഗണിക്കുന്നതല്ല. എന്നാൽ TRCMPU ബോർഡിന്റെ അംഗീകാരത്തിന് വിധേയമായി അംഗീകരിച്ച് നൽകിയ നിരക്കുകൾ, സർക്കാർ കാലാകാലങ്ങളിൽ വർദ്ധിപ്പിക്കുകയോ, കുറയ്ക്കുകയോ ചെയ്തതിന് ആനുപാതികമായി ഡീസൽ നിരക്കിൽ ഉണ്ടാകുന്ന വ്യതിയാനം കണക്കിലെടുത്ത് നിരക്കുകൾ പുനഃക്രമീകരിക്കുന്നതായിരിക്കും. വ്യത്യസ്ഥ വാഹനങ്ങളുടെ താഴെ പറയുന്ന ഡീസൽ ഉപഭോഗം പ്രകാരമായിരിക്കും ഡീസൽ വില വർദ്ധനവിനും/കുറവിനുമായി കണക്കിലെടുക്കുന്ന മാനദണ്ഡം

| മെറ്റാലിക്ക് ആവരണമുള്ള വാഹനങ്ങൾ | പഫ് ഇൻസുലേറ്റഡ് വാഹനങ്ങൾ |
|---|---|
| കാർ/ജീപ്പ് – 14.50 km / ലിറ്റർ ഡീസൽ | 5 MT വാഹനങ്ങൾ– 8 km/ഒരു ലിറ്റർ ഡീസൽ |
| | 3 MT വാഹനങ്ങൾ -9 km /ഒരു ലിറ്റർ ഡീസൽ |
| | 2 MT വാഹനങ്ങൾ–12.50 km/ഒരു ലിറ്റർ ഡീസൽ |
| | 3 MT റെഫ്രിജിറേറ്റഡ് വാഹനങ്ങൾ – 7 km /ഒരു ലിറ്റർ ഡീസൽ |
| | 5 MT റെഫ്രിജിറേറ്റഡ് വാഹനങ്ങൾ – 6 km /ഒരു ലിറ്റർ ഡീസൽ |

23. ഡീസൽ നിരക്ക് വർദ്ധിപ്പിക്കുന്നതും/കുറയ്ക്കുന്നതും, വർദ്ധിത നിരക്ക് അല്ലെങ്കിൽ കുറഞ്ഞ നിരക്ക് ഒരു രൂപയോ ഒരു രൂപയിലധികമോ ആവുമ്പോൾ മാത്രമായിരിക്കും. കരാർ ഉടമ്പടിയിലും പട്ടികയിലും രേഖപ്പെടുത്തിയിട്ടുള്ള വിജ്ഞാപിത ദൂരത്തിന് മാത്രമേ നിരക്ക് വർദ്ധന അല്ലെങ്കിൽ കുറവ് ബാധകമാകുകയുള്ളൂ. ദർഘാസ് തുറക്കുന്ന ദിവസത്തെ ഡീസൽ നിരക്കായിരിക്കും അടിസ്ഥാന നിരക്കായി കണക്കാക്കുന്നത്. തുടർന്ന് വരുന്ന ഡീസൽ വില വർദ്ധന അല്ലെങ്കിൽ കുറവ് മേൽ പറഞ്ഞ അടിസ്ഥാന നിരക്കിന്റെ അടിസ്ഥാനത്തിലാവും നിശ്ചയിക്കുന്നത്.

24. കരാറുകാരനോ അയാളുടെ പ്രതിനിധിയോ അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടി അവിഹിതമായി യൂണിയനെ സ്വാധീനിക്കുന്നതിനായി, നിയോഗിക്കപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥനെ വ്യക്തിപരമായി സമീപിക്കുകയോ, സ്വാധീനിക്കാൻ ശ്രമിക്കുകയോ ചെയ്താൽ കരാർ ഉപാധികളില്ലാതെ റദ്ദ് ചെയ്യാവുന്നതാണ്.

25. കരാറുകാരന് പിഴ സംബന്ധമായും, നഷ്ടപരിഹാര സംബന്ധമായും സെക്യൂരിറ്റി കണ്ട്കെട്ടുന്നതടക്കം കരാറിൽ പറഞ്ഞിട്ടുള്ള എല്ലാ നിബന്ധനകളും, കരാർ ഉടമ്പടി പ്രകാരമുള്ള ഉത്തരവാദിത്വം നിർവഹിക്കുന്നതിൽ വീഴ്ച വരുത്തിയാൽ അംഗീകരിക്കാൻ തയ്യാറാവേണ്ടതാണ്.

26. കരാറുകാരന് ലഭിക്കേണ്ട അവസാന ഗഡു പണം അനുവദിക്കുന്നതിന് മുൻപായി കാർഷിക ആദായ നികുതി, വില്പ്പന നികുതി, ആദായ നികുതി എന്നിവ കുടിശ്ശിഖ വരുത്തിയിട്ടില്ലെന്ന് കാണിക്കുന്ന നികുതി ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

27. എന്തെങ്കിലും പ്രത്യേക നിബന്ധനകളോ, വ്യവസ്ഥകളോ കരാറുകാരൻ ദർഘാസിനൊപ്പം ചേർത്ത് വയ്ക്കുകയോ, സമർപ്പിക്കുകയോ ചെയ്താൽ, അത് താഴെ ഒപ്പിട്ട ഉദ്യോഗസ്ഥൻ അംഗീകരിച്ചതായി എഴുതി നൽകാത്തിടത്തോളം കാലം അത് നിലനിൽക്കുന്നതല്ലെന്ന് മാത്രമല്ല ഈ കരാറിന് ബാധകവുമായിരിക്കില്ല.

28. പാൽ കൊണ്ട് പോകേണ്ടത് പാൽ ട്രേകളിലോ ക്രേറ്റുകളിലോ ആണ്. അംഗീകൃത വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട രൂപത്തി ലുള്ള വാഹന

ത്തിൽ വേണം പാലും, പാൽ ഉത്പന്നങ്ങളും കരാറുകാരൻ നിർദ്ദിഷ്ട ഡെയറിയിൽ നിന്ന് വിപണന കേന്ദ്രങ്ങളിലെത്തിക്കാൻ. **ഡെയറിയിൽ നിന്ന് പാൽ കയറ്റേണ്ടതും വിപണന കേന്ദ്രങ്ങളിൽ ഇറക്കേണ്ടതും കരാറുകാരന്റെ മാത്രം ഉത്തരവാദിത്വമായിരിക്കും. അതിന് വേണ്ടുന്ന ജീവനക്കാരെ നിയോഗിക്കേണ്ട ഉത്തരവാദിത്വം കരാറുകാരനിൽ മാത്രം നിക്ഷിപ്തമായിരിക്കും. അതിന് വേണ്ടുന്ന ജീവനക്കാരെ നിയോഗിക്കാൻ യൂണിയന് ഏതൊരുവിധ ബാധ്യതയും ഉണ്ടായിരിക്കുന്നതല്ല.** പാലും പാലുത്പന്നങ്ങളും വിതരണം ചെയ്ത ശേഷം അവ കൈപ്പറ്റിയതായ രേഖ ഏജന്റുമാരിൽ നിന്ന് സ്വീകരിക്കേണ്ടതും അവ ഹാജരാക്കേണ്ടതുമാണ്.

29. പാലും, പാൽ ഉത്പന്നങ്ങളും ദിവസത്തിൽ ഒന്നോ അതിലധികമോ തവണ, കരാറുകാരൻ യൂണിയൻ നിശ്ചയിക്കുന്ന നിർദ്ദിഷ്ട റൂട്ടിൽ, നിർദ്ദിഷ്ട സമയത്ത്, നിർദ്ദിഷ്ട വിപണന കേന്ദ്രത്തിൽ എത്തിക്കാൻ ബാദ്ധ്യസ്ഥനാണ്. കാലി ട്രേകളും/ക്രേറ്റുകളും വിതരണത്തിന് ശേഷം, ബാക്കി വരുന്ന പാലും പാൽ ഉത്പന്നങ്ങളും അതാത് ദിവസം തന്നെ ഡയറിയിൽ തിരികെ എത്തിക്കാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്. നിശ്ചിത സമയത്തിന് ശേഷം 5 മിനിട്ടുവരെയോ, വിതരണം ചെയ്യേണ്ടി വരുന്ന പാലധികമാണെങ്കിൽ അതിന്റെ അടിസ്ഥാനത്തിലോ ആയിരിക്കും പാൽ വിതരണത്തിന് ഡെയറിയിൽ വാഹനം റിപ്പോർട്ട് ചെയ്യേണ്ട നിർദ്ദിഷ്ട സമയത്തിൽ ഇളവ് അനുവദിക്കുക. നിർദ്ദിഷ്ട സമയത്തിന് ഡെയറിയിൽ വാഹനം റിപ്പോർട്ട് ചെയ്യാത്ത പക്ഷം മുകളിൽ സൂചിപ്പിച്ച ഇളവുകൾക്ക് പുറത്ത് ഓരോ 15 മിനിട്ടിനും 250 രൂപ എന്ന നിരക്കിൽ അല്ലെങ്കിൽ അതിന്റെ നിശ്ചിത ഭാഗത്തിന് ആനുപാതികമായി പിഴ ഈടാക്കുന്നതായിരിക്കും. എന്നാൽ നിർദ്ദിഷ്ട സമയവും, ഇളവ് അനുവദിക്കുന്ന സമയവും അടക്കം അരമണിക്കൂറിലേറെ വാഹനം റിപ്പോർട്ട് ചെയ്യാതിരുന്നാൽ പാലും, പാൽ ഉത്പന്നങ്ങളും വിതരണം ചെയ്യാൻ ബദൽ സംവിധാനം ഒരുക്കാവുന്നതും, അത്തരം ബദൽ സംവിധാനം ഒരുക്കുന്ന വഴി ഉണ്ടാകുന്ന ചിലവും, ഏജന്റിനും, TRCMPU വിനും ഉണ്ടാകുന്ന എല്ലാ കഷ്ട നഷ്ടങ്ങളും, കരാറുകാരന്റെ ബില്ലിൽനിന്ന് ഈടാക്കാവുന്നതാകുന്നു.
30. വാഹനം എന്തെങ്കിലും കാരണവശാൽ കേടുവന്ന് വഴിയിലാകുന്ന സാഹചര്യത്തിൽ, പകരം സംവിധാനം ഏർപ്പെടുത്തി പാലും, പാൽ ഉത്പന്നങ്ങളും നിർദ്ദിഷ്ട സമയത്ത് വിതരണം ചെയ്യേതിന്റെ ഉത്തരവാദിത്വം കരാറുകാരനിൽ നിക്ഷിപ്തമാണ്.
31. ഔദ്യോഗിക കൃത്യ നിർവ്വഹണത്തിന്റെ ഭാഗമായി യൂണിയന്റെ ഏതൊരു

ജീവനക്കാരനും വിതരണ വാഹനത്തിൽ എപ്പോൾ ആവശ്യമാണോ അപ്പോൾ യാത്ര ചെയ്യാവുന്നതാണ്.

32. പഫ് ഇൻസുലേഷനുള്ള കണ്ടെയ്നർ വാഹനത്തിൽ വേണം പാലും, പാൽ ഉത്പന്നങ്ങളും വിതരണം ചെയ്യേത്. ഏതെങ്കിലും കാരണവശാൽ ടി നിർദ്ദേശം പാലിക്കുന്നതിൽ കരാറുകാരൻ വീഴ്ച വരുത്തിയാൽ, അത്തരത്തിലുള്ള ഓരോ കരാർ ലംഘനത്തിനും, 200/- രൂപ നിരക്കിൽപിഴ ഈടാക്കാവുന്നതാണ്. ഇത്തരത്തിലുള്ള കരാർ ലംഘനം തുടർച്ചയായി പത്ത് ദിവസത്തിലധികമായാൽ ടി കരാർ മേൽ പറഞ്ഞ വീഴ്ചയുടെപേരിൽ റദ്ദ് ചെയ്യാവുന്നതാണ്.

33. കരാറുകാരൻ സ്വന്തം ചിലവിൽ പഫ് ഇൻസുലേറ്റഡ് കണ്ടെയ്നർ ബോഡി വാഹനത്തിൽ സജ്ജീകരിക്കേണ്ടതാണ്.

<u>പുതിയതായി വാഹനം വാങ്ങാൻ ഉദ്ദേശിക്കുന്നവർ</u>

കരാർ ലഭിക്കുന്ന വ്യക്തിക്ക് പുതിയതായി വാഹനം വാങ്ങി പഫ് ഇൻസുലേഷൻ ചെയ്യേണ്ടി വരുന്ന സാഹചര്യത്തിൽ, പഫ് ഇൻസുലേഷൻ കണ്ടെയ്നർ ബോഡിയുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിന് മിൽമ അംഗീകരിച്ചിട്ടുള്ള കമ്പനിയിൽ നിന്ന് പ്രസ്തുത പ്രവൃത്തി ചെയ്യാവുന്നതാണ്. മറ്റ് സ്ഥാപനങ്ങളിൽ നിന്നും പഫ് ഇൻസുലേറ്റഡ് കണ്ടെയ്നർ ബോഡി സ്ഥാപിക്കുകയാണെങ്കിൽ മിൽമ നിഷ്കർഷിച്ചിട്ടുള്ള ടെക്നിക്കൽ സ്പെസിഫിക്കേഷൻ (ടെക്നിക്കൽ സ്പെസിഫിക്കേഷൻ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു) അനുസരിച്ചുള്ള പഫ് ഇൻസുലേഷൻ ചെയ്യിക്കേണ്ടതാണ്.

<u>നിലവിലുള്ള പഫ് ഇൻസുലേറ്റഡ് കണ്ടെയ്നർ ബോഡി വാഹനം ഉപയോഗിച്ച് കരാർ നടത്തുവാൻ ഉദ്ദേശിക്കുന്നവർ</u>

മിൽമ നിഷ്കർഷിച്ചിട്ടുള്ള ടെക്നിക്കൽ സ്പെസിഫിക്കേഷൻ (ടെക്നിക്കൽ സ്പെസിഫിക്കേഷൻ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു) അനുസരിച്ചുള്ള പഫ് ഇൻസുലേഷനുള്ള

കണ്ടെയ്നർ വാഹനത്തിൽ വേണം പാലും, പാൽ ഉത്പന്നങ്ങളും വിതരണം ചെയ്യേണ്ടത്. നിലവിലുള്ള പഫ് ഇൻസുലേറ്റഡ് കണ്ടെയ്നർ ബോഡി വാഹനം ഉപയോഗിച്ച് കരാർ നടത്തുവാൻ ഉദ്ദേശിക്കുന്ന സാഹചര്യത്തിൽ പഫ് ഇൻസുലേഷൻ ചെയ്ത സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രം ടെണ്ടറിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

**കരാർ ലഭിക്കുന്ന വ്യക്തി (പുതിയതായി വാഹനം വാങ്ങി പഫ് ഇൻസുലേഷൻ ചെയ്യുന്നവരും, നിലവിലുള്ള പഫ് ഇൻസുലേറ്റഡ് ക**

ണ്ടയ്നർ ബോഡി വാഹനം ഉപയോഗിച്ച് കരാർ നടത്തുവാൻ ഉദ്ദേശിക്കുന്നവരും) ഡെയറിയിൽ നിന്നും അറിയിക്കുന്ന ദിവസം പഫ് ഇൻസുലേഷൻ ചെയ്ത സ്ഥാപനത്തിൽ നിന്നും ഉള്ള സാക്ഷ്യപത്രം സഹിതം വാഹനം ഡെയറിയിൽ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. പഫ് ഇൻസുലേഷൻ, ഡെയറി നിഷ്കർഷിച്ചിട്ടുള്ള സാങ്കേതിക മാനദണ്ഡങ്ങൾ പാലിച്ചാണോ ചെയ്തിരിക്കുന്നത് എന്ന പ്രാഥമിക പരിശോധന അതാത് ഡെയറികളിലെ എഞ്ചിനിയറിംഗ് വിഭാഗം പരിശോധന നടത്തി സാക്ഷ്യപത്രം നൽകുന്ന മുറയ്ക്ക് താൽക്കാലിക വർക്ക്ഓർഡർ (മൂന്ന് മാസം) നൽകുന്നതാണ്. ടി കാലയളവിൽ ഇൻസുലേഷൻ കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്ന് (ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം കുറയാതെ) ബോധ്യപ്പെടുന്ന മുറയ്ക്ക് സ്ഥിരം വർക്ക്ഓർഡർ നൽകുന്നതായിരിക്കും. പ്രായോഗികമായി പഫ് ഇൻസുലേഷൻ നിഷ്കർഷിച്ച ഗുണനിലവാരം പുലർത്തുന്നില്ല എന്നും ഉൽപ്പന്നങ്ങളുടെ ഗുണമേൻമ സംരക്ഷിക്കാൻ കഴിയുന്നില്ല എന്നും ഡെയറിക്ക് ബോധ്യപ്പെട്ട് ടി കാലയളവിൽ കരാർ റദ്ദാക്കേണ്ടി വന്നാൽ, അതിന്റെ പൂർണ ഉത്തരവാദിത്തം കരാറുകാരന് ആയിരിക്കും.

പഫ് ഇൻസുലേറ്റഡ് കണ്ടെയ്നർ ബോഡി ചെയ്യുന്നതിനായി താഴെ പറയുന്ന കമ്പനിയെയാണ് മിൽമ അംഗീകരിച്ചിട്ടുള്ളത്. പഫ് ഇൻസുലേറ്റഡ് കണ്ടെയ്നർ ബോഡി ചെയ്യുന്നതിനായി വേണ്ടിവരുന്ന ഏകദേശ ചിലവ് ചുവടെ ചേർക്കുന്നു. –

| വാഹനത്തിന്റെ ഇനം | ഏകദേശ ചിലവ് (രൂപ യിൽ) | കമ്പനിയുടെ പേര് |
|---|---|---|
| 3 ടൺ | 3,75,000/ + ജിഎസ് റ്റി | ഷാരോൺ ഇൻഡസ്ട്രീസ്, കോയമ്പത്തൂർ |
| 5 ടൺ | 5,35,000/ + ജിഎസ് റ്റി | ഷാരോൺ ഇൻഡസ്ട്രീസ്, കോയമ്പത്തൂർ |

34. യൂണിയന്റെ നിർദ്ദേശങ്ങൾ പാലിക്കാത്തതിനാലോ, പഫ് ബോഡി ശരിയാം വണ്ണം പ്രവൃത്തിക്കാത്തതിനാലോ, പഫ് ബോഡിക്ക് ഉണ്ടായ ക്ഷതമോ

കേടുപാടുകളോ മൂലം വാഹനത്തിൽ ലോഡ് ചെയ്ത പാൽ/പാലുൽപ്പന്നങ്ങളുടെ ഗുണമേൻമയിൽ അപചയമോ, കേടുപാടുകളോ സംഭവിച്ചാൽ ഇത് മൂലം സ്ഥാപനത്തിന് ഉണ്ടാകുന്ന നഷ്ടം കരാറുകാരനിൽ നിന്ന് ഈടാക്കുന്നതാണ്. ഇത്തരം തകരാറുകൾ യൂണിയൻ നിശ്ചയിക്കുന്ന സമയപരിധിക്കുള്ളിൽ കൃത്യമായും തൃപ്തികരമായും പരിഹരിക്കപ്പെടാതിരുന്നാൽ മേൽ പറഞ്ഞ വീഴ്ചയുടെ പേരിൽ, നോട്ടീസ് നൽകി കരാറുകാരനെ കരാറിൽനിന്ന് ഒഴിവാക്കുന്നതാണ്.

35. നിശ്ചിത സംഭരണശേഷിയിൽ കുറവുള്ള വാഹനം ഉപയോഗിക്കാൻ ഒരുകാരണവശാലും അനുവദിക്കുന്നതല്ല, ഇനി അഥവാ യൂണിയന്റെ എഴുതിതയ്യാറാക്കിയ മുൻകൂർ അനുമതിയോടെ സംഭരണശേഷി കുറവുള്ള വാഹനം ഉപയോഗിക്കുകയാണെങ്കിൽ കരാർ പ്രകാരം റൂട്ടിൽ വിതരണം ചെയ്യേണ്ട മുഴുവൻ അളവിന് നൽകുന്ന നിരക്കിന്റെ 90% മാത്രമേ നൽകുകയുള്ളൂ.

36. <u>കരാറുകാരൻ അഥവാ ദർഘാസ് സ്വീകരിച്ച ആൾ തന്നെയായിരിക്കണം ആർ.സി.ബുക്കിന്റെ ഉടമ .</u>

37. ഏതെങ്കിലും കാരണവശാൽ നിലവിലെ കരാറുകാരന്, കരാർ മറ്റൊരാളുടെ പേരിൽ മാറ്റണമെങ്കിൽ, എന്ന് മുതൽ മാറ്റാൻ ഉദ്ദേശിക്കുന്നോ, അതിന് ഒരുമാസം മുൻപ്, അതിനുള്ള അനുവാദം യൂണിയനോട് മുൻകൂറായി തേടേണ്ടതും ഒപ്പം 10,000/- രൂപ യൂണിയനിലേയ്ക്ക് അടയ്ക്കേണ്ടതും, യൂണിയൻ രേഖാമൂലം അനുവാദം നൽകുന്ന മുറയ്ക്ക് കരാർ മാറ്റികൊടുക്കാവുന്നതുമാണ്. കാരണം ഒന്നും ബോധിപ്പിക്കാതെ തന്നെ അത്തരത്തിലുള്ള കരാർ മറിച്ച് കൊടുക്കൽ അംഗീകരിക്കാനോ, നിരസ്സിക്കാനോ ഉള്ള അവകാശം യൂണിയനിൽ മാത്രം നിക്ഷിപ്തമാണ്.

38. കത്തുകൾ, നോട്ടീസുകൾ, പരസ്യ വസ്തുക്കൾ എന്നിവ ഡയറികളിൽ നിന്ന് സ്വീകരിച്ച് ഏജന്റുമാർക്ക് എത്തിക്കുക തിരിച്ച് അത്തരത്തിലുള്ളവ ഏജന്റുമാരിൽ നിന്ന് സ്വീകരിച്ച് ഡെയറിയിൽ എത്തിക്കുക എന്ന ഉത്തര വാദിത്വം കരാറുകാരനിൽ നിക്ഷിപ്തമാണ്. അത് പോലെ തന്നെ കരാറുകാരന്റെ ഉത്തരവാദിത്വമാണ് ഏജന്റുമാരിൽ നിന്ന് പണം ശേഖരിക്കുക, അതിന് കൈപ്പറ്റിയതായ രസീത് നൽകുക, ഡെയറി നൽകുന്ന പണപ്പെട്ടികളിൽ പണപൊതികൾ സ്വീകരിക്കുക, സൂക്ഷിക്കുക, അത്തരത്തിൽ സ്വീകരിച്ച

പണവും, പണപൊതികളും ഡെയറിയിലോ, യൂണിയന്റെ ബാങ്ക് അക്കൗണ്ടിലോ, ഡെയറിക്കു പുറത്തുള്ള ക്യാഷ് കൗണ്ടറുകളിലോ നിർദ്ദേശാനുസരണം നിക്ഷേപിക്കുകയോ അല്ലെങ്കിൽ ഏല്പ്പിക്കുകയോ ചെയ്യുക. അത്തരത്തിൽ പണം സ്വീകരിക്കുന്നതിലും, നിക്ഷേപിക്കുന്നതിലും എന്തെങ്കിലും തരത്തിലുള്ള വീഴ്ച വരുത്തുന്ന പക്ഷം, യൂണിയൻ നിശ്ചയിക്കുന്ന നിരക്കിൽ പിഴ ഈടാക്കാവുന്നതായിരിക്കും. മേൽ പറഞ്ഞ രീതിയിൽ ശേഖരിക്കുന്ന തുക നിർദ്ദേശാനനുസരണം, യൂണിയന്റെ നിർദ്ദിഷ്ട ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും, അത്തരത്തിൽ നിക്ഷേപിച്ച തുകയുടെ വിശദ വിവരങ്ങൾ തെളിവ് സഹിതം അതാത് ദിവസം തന്നെ ഡെയറിയിൽ റിപ്പോർട്ടായി സമർപ്പിക്കേണ്ടതുമാകുന്നു.

39. വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള ദൂരം ഏകദേശമായതിനാൽ +/−10% കൂടെ വ്യത്യാസം വരാവുന്നതാണ്. വിതരണകേന്ദ്രങ്ങളിലും, വിതരണ സമയങ്ങളിലും, വിതരണ മാർഗ്ഗങ്ങളിലും മാറ്റം വരുത്താനും, അധികം കൂട്ടിചേർക്കാനുമുള്ള എല്ലാ അവകാശവും യൂണിയനിൽ മാത്രം നിക്ഷിപ്തമാണ്.

40. കരാർ വാഹനങ്ങളിൽ അംഗീകൃത ആളുകളെയല്ലാതെ മറ്റാരെയെങ്കിലും കയറ്റുന്നതും, ഡെയറി കോമ്പൗണ്ടിനുള്ളിൽ നിശ്ചിത സ്ഥലത്ത് അല്ലാതെ വാഹനം കഴുകി വൃത്തിയാക്കുന്നതടക്കമുള്ള പ്രവൃത്തികൾ, കരാർലംഘനമായി കണക്കാക്കി യൂണിയൻ നിശ്ചയിക്കുന്ന നിരക്കിൽ പിഴ ഈടാക്കുന്നതാണ്.

41. യൂണിയൻ അംഗീകരിക്കാത്ത ഏതൊരുവിധ സാധനങ്ങളും പാലിനൊപ്പം കൊണ്ട്പോകാൻ അനുവദിക്കുന്നതല്ല.

42. കരാറുകാരനോ, കരാറുകാരന്റെ പ്രതിനിധികളോ, ജീവനക്കാരോ വിതരണത്തിനിടയിൽ നിയമ വിരുദ്ധമായ എന്തെങ്കിലും കുറ്റങ്ങൾ ചെയ്തതായി കണ്ടെത്തിയാൽ, കരാറുകാരനിൽ നിന്ന് 1000 രൂപ പിഴ ഈടാക്കാവുന്നതും ആ വീഴ്ച്ചയുടെ അടിസ്ഥാനത്തിൽ വേറെ നോട്ടീസ് ഒന്നും നൽകാതെ തന്നെ കരാർ അവസാനിപ്പിക്കാവുന്നതുമാണ്. അത്തരം സാഹചര്യത്തിൽ കരാർകാലാവധി വരെ ബദൽ സംവിധാനം ഏർപ്പെടുത്താൻ വേണ്ടിവരുന്ന ചിലവ് കരാറുകാരനിൽ നിന്ന് ഈടാക്കാവുന്നതുമാണ്.

43. **ഏജന്റുമാർ തിരിച്ചയക്കുന്ന പാലിന്റെ മടക്കിക്കൊടുക്കലും അനുബ സ്ഥവിഷയങ്ങളും സംബന്ധിച്ച നടപടിക്രമങ്ങളും തീരുമാനങ്ങളും കൈകൊള്ളാനുള്ള പൂർണ്ണ ഉത്തരവാദിത്വവും, അധികാരവും TRCMPU വിൽമാത്രം നിക്ഷിപ്തമാണ്. ഇത് സംബന്ധിച്ച് TRCMPU കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ വീഴ്ചകളില്ലാതെ പാലിക്കാനും, നടപ്പിൽ വരുത്തുവാനും കരാറുകാരന് ഉത്തരവാദിത്തമുള്ളതാകുന്നു.**

44. കരാറുകാരന് നൽകേണ്ട പണം എല്ലാ 15 മുതൽ 16 വരെ ദിവസങ്ങളിൽ കരാറുകാരൻ ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് നൽകുന്നതാണ്. സാധാരണഗതിയിൽ ഒന്നാം തീയതി മുതൽ പതിനഞ്ചാം തീയതി വരെ ഉള്ള ബിൽ തുക പ്രസ്തുത മാസം ഇരുപത്തിയഞ്ചാം തീയതിയും തുടർന്ന് ബാക്കി ദിവസങ്ങൾക്കുള്ള ആ മാസത്തെ ബിൽ തുക തൊട്ടടുത്ത മാസം പത്താം തീയതിയും നൽകുന്നതായിരിക്കും. ഈ ദിവസങ്ങൾ ബാങ്ക് അവധി വരുന്ന പക്ഷം തൊട്ടടുത്ത ബാങ്ക് പ്രവർത്തി ദിനം തുക നൽകുന്നതായിരിക്കും.

45. എന്തെങ്കിലും തരത്തിലുള്ള തർക്കങ്ങൾ യൂണിയനും കരാറുകാരനും തമ്മിൽ ഉണ്ടാവുന്ന പക്ഷം യൂണിയന്റെ തീരുമാനം അന്തിമവും, അത്കരാറുകാരന് ബാധകവുമായിരിക്കും.

46. കടത്തുകൂലി, ടോൾ ഫീ, പ്രവേശന ഫീസ് അടക്കം വിതരണവുമായിബന്ധപ്പെട്ട മറ്റ് നിരക്കുകൾ കരാറുകാരൻ തന്നെ വഹിക്കേണ്ടതാകുന്നു. അത്തരത്തിലുള്ള ഏതൊരു വിധത്തിലുള്ള ചിലവുകളും TRCMPU വഹിക്കുന്നതല്ല.

47. വിതരണ വാഹനത്തിൽ കരാറുകാരൻ നിയോഗിക്കുന്ന ജീവനക്കാർ കരാറുകാരന്റെ ജീവനക്കാർ മാത്രമാണ്. ആ ജീവനക്കാരുമായും യൂണിയന് ഏതൊരുവിധത്തിലും തൊഴിൽ ഉടമ – തൊഴിലാളി ബന്ധം ഉണ്ടായിരിക്കുന്നതല്ല. തൊഴിലുടമ എന്ന നിലയിൽ ടി തൊഴിലാളികളുമായുള്ള നിയമപരമായ എല്ലാ ഉത്തരവാദിത്വങ്ങളും നിർവ്വഹിക്കേണ്ടത് കരാറുകാരൻ മാത്രമാണ്. തൊഴിലാളികൾക്ക് നിർദ്ദിഷ്ട രൂപത്തിലുള്ള തിരിച്ചറിയൽകാർഡ് കരാറുകാരൻ നൽകേണ്ടതും ടി കാർഡ് യൂണിയനിൽ മുൻകൂറായി സമർപ്പിച്ച് അംഗീകാരം വാങ്ങിക്കേണ്ടതുമാണ്. കരാറുകാരൻ നിയോഗിച്ച ഏതെങ്കിലും തൊഴിലാളിയിൽ നിന്ന് അപമര്യാദയായ പെരുമാറ്റമോ വിശ്വാസവഞ്ചനയോ, മോഷണമോ ഉണ്ടായതായി യൂണിയനിൽ നിന്ന് അറിയിപ്പ്കിട്ടി 24 മണിക്കൂറിനകം ടി ജീവനക്കാരനെ ജോലിയിൽ നിന്ന്

ഒഴിവാക്കേണ്ടതാകുന്നു.

48. തൊഴിൽ എടുക്കുന്ന വേളയിൽ വാഹന ജീവനക്കാർ പാന്റ്സും ഷർട്ടുമാണ് ധരിക്കേണ്ടത്. ശരിയാംവണ്ണം വസ്ത്രം ധരിക്കാത്ത കരാറുകാരന്റെ ജീവനക്കാരെ ഡെയറി കോമ്പൗണ്ടിനുള്ളിൽ പ്രവേശിപ്പിക്കുന്നതല്ല.

49. കരാറുകാരൻ പ്രതിമാസ ബില്ല് സമർപ്പിക്കുന്ന മുറയ്ക്ക് വിതരണ വാഹനത്തിൽ അയാൾ നിയോഗിച്ചിട്ടുള്ള വാഹന ജീവനക്കാരുടെ വിശദ വിവരങ്ങളും, അവർക്ക് നൽകിവരുന്ന അടിസ്ഥാന ശമ്പളം, ക്ഷാമബത്ത,മറ്റ് ആനുകൂല്യങ്ങൾ എന്നിവയുടെ വിവരങ്ങളും സമർപ്പിക്കേണ്ടതാകുന്നു.

50. കരാറുകാരൻ നിയോഗിച്ചിട്ടുള്ള വാഹന ജീവനക്കാരുടെ ഇ.പി.എ ഫ്/ഇ.എസ്.ഐ മറ്റ് നിയമപരമായും, തൊഴിൽ നിയമപരമായും ഉള്ള ആനുകൂല്യങ്ങളടക്കം എല്ലാ തുകയും അടയ്ക്കാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.

51. വാഹന ജീവനക്കാർക്കുള്ള ഇ.പി.എഫ്/ഇ.എസ്.ഐ സംഭാവന കരാറുകാരൻ കൃത്യമായി അടയ്ക്കാതിരുന്നാൽ, ആ തുക കരാറുകാരന്റെ റ്റി.ആർ.സി.എം.പി.യു ബില്ല് തുകയിൽ നിന്ന് ഈടാക്കി ബന്ധപ്പെട്ട വാഹന ജീവനക്കാരുടെ പേരിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ അടയ്ക്കുന്നതായിരിക്കും.

52. വാഹനത്തിൽ ഉപയോഗിക്കേണ്ട ബില്ലിംഗ് മെഷീൻ തുടക്കത്തിൽ ഡെയറിയുടെ ചിലവിൽ വാങ്ങി നൽകുന്നതും, തുടർന്ന് അതിന്റെ വില 24 തുല്യഗഡുക്കളായി കരാറുകാരനിൽ നിന്ന് ഈടാക്കുന്നതുമായിരിക്കും. ബില്ലിംഗ് മെഷീന് വേണ്ട ഉപഭോഗവസ്തുക്കൾ ഡെയറിയിൽ നിന്ന് നൽകുന്നതായിരിക്കും. ടിക്കറ്റിംഗ് മെഷീൻ കേടുപാടുകൾ കൂടാതെ സൂക്ഷിക്കേണ്ട ഉത്തരവാദിത്തം കാരാറുകാരനിൽ നിക്ഷിപ്തമാണ്. ടിക്കറ്റിംഗ് മെഷീനിലെ രേഖകൾ ഡെയറിയിലെ കംപ്യൂട്ടറിലേയ്ക്ക് മാറ്റാൻ ആവശ്യമായ മെമ്മറികാർഡ് കരാറുകാരൻ തന്നെ വാങ്ങേണ്ടതും, അതിന് വേണ്ടിവരുന്ന ചിലവിനത്തിൽ പ്രതിമാസം 200/- രൂപ കരാറുകാരന് നൽകുന്നതുമായിരിക്കും.

53. വാഹനം ഓരോ ട്രിപ്പിലും വഹിക്കേണ്ട അളവിന്റെ വിവരണം: ഓരോ തരം വാഹനവും ഓരോ ട്രിപ്പിലും വഹിക്കേണ്ട പാൽ, തൈര്, ലസി, സംഭാരം എന്നിവയുടെ ഏറ്റവും കുറഞ്ഞ അളവ് (ട്രേ) ചുവടെ പറയും പോലെ ആയിരിക്കും.

| പഫ് ഇൻസുലേറ്റഡ് കണ്ടെയ്നർ വാഹനം | | | | |
|---|---|---|---|---|
| | ഐ.എസ്.ഐ.ട്രേ | | ഐ.എസ്.ഐ.ട്രേ അല്ലാത്തത് | |
| | ട്രേകളുടെ എണ്ണം | അളവ് ലിറ്ററിൽ | ട്രേകളുടെ എണ്ണം | അളവ് ലിറ്ററിൽ |
| 1 ടൺ | 80 | 1040 | 100 | 1000 |
| 2 ടൺ | 160 | 2080 | 205 | 2050 |
| 3 ടൺ | 245 | 3185 | 320 | 3200 |
| 5 ടൺ | 385 | 5005 | 500 | 5000 |

54. പണമിടപാട് : യൂണിറ്റ് മേധാവിയ്ക്ക് കരാറുകാരൻ മാസത്തിൽ 2 തവണയായി നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ ക്രോസ്സ് ചെയ്ത ചെക്കായോ/ബാങ്ക് ട്രാൻസ്ഫറായോ ആയിട്ടായിരിക്കും കരാറുകാരന് പണം നൽകുക. സാധാരണഗതിയിൽ മാസത്തിൽ 10-ാം തീയതിയും 25-ാം തീയതിയുമായിട്ടായിരിക്കും ബിൽ തുക നൽകുന്നത്.

55. I. ആദായ നികുതി : ആദായ നികുതി, ബില്ല്തുകയ്ക്ക് ആനുപാതികമായ നിരക്കിൽ ഉറവിടത്തിൽ തന്നെ പിടിച്ച ശേഷംമാത്രമേ ബിൽ തുകകൈമാറുകയുള്ളൂ. എന്നാൽ ബന്ധപ്പെട്ട ആദായ നികുതി ഉദ്യോഗസ്ഥനിൽ നിന്ന് ആദായ നികുതി, ബില്ലിന് ബാധകമല്ലാത്തതിനാൽ കിഴിവ് ചെയ്യേണ്ടതില്ലെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ പ്രസ്തുത തുക കിഴിവ് ചെയ്യുന്നതല്ല.

II. വാഹന ജീവനക്കാർക്ക് ബാധകമായ EPF/ESI, മറ്റ് തൊഴിൽ നിയമം അനുശാസിക്കുന്ന ആനുകൂല്യങ്ങൾ എന്നിവ അടയ്ക്കേണ്ടതും നൽകേണ്ടതും കരാറുകാരന്റെ ഉത്തരവാദിത്വമാണ്.

III. വാഹനജീവനക്കാരുടെ വിശദവിവരങ്ങളും, അടിസ്ഥാന ശമ്പളം, ക്ഷാമബത്ത തുടങ്ങി മറ്റ് ആനുകൂല്യങ്ങളടക്കം വേതന സംബന്ധ

മായ എല്ലാ വിവരങ്ങളും പ്രതിമാസ ബില്ലിനൊപ്പം യൂണിറ്റ് മേധാവിയ്ക്ക് സമർപ്പിക്കേണ്ടതാണ്.

IV.അതാത് സമയത്തെ നിരക്കനുസരിച്ചുള്ള ഇ.പി.എഫ് സംഭാവന നൽകാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്. നിലവിൽ അടിസ്ഥാന ശമ്പളത്തിന്റെയും ക്ഷാമബത്തയുടെയും 12% തൊഴിലുടമയും, 12% തൊഴിലാളിയും സംയുക്തമായി സംഭാവന ചെയ്യേണ്ടതാണ്. മേൽപറഞ്ഞതിനൊപ്പം വേതനത്തിന്റെ 0.5% EDLS ലേയ്ക്കും, 0.65% EPF ഭരണനിർവഹണത്തിനും, 0.01% ഇൻഷ്വറൻസ് ഫണ്ട് മേൽനോട്ടത്തിനുമായി നൽകേണ്ടതാണ്. കരാർ കാലയളവിൽ കരാർ ജീവനക്കാർക്ക് വേണ്ടി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ മേൽ പറഞ്ഞ നിരക്കിൽ പണമടയ്ക്കേണ്ട ഉത്തരവാദിത്വം കരാറുകാരനിൽ നിക്ഷിപ്തമാണ്.

V.കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിലുള്ള E.S.I. സംഭാവന അടയ്ക്കേണ്ടതും കരാറുകാരന്റെ ഉത്തരവാദിത്തമാണ്. നിലവിലെ നിരക്കനുസരിച്ച് ആകെ വേതനത്തിന്റെ 0.75% തൊഴിലാളിയും 3.25% തൊഴിലുടമയും E.S.I. സംഭാവനയായി അടയ്ക്കേണ്ടതാണ്. കരാർ കാലയളവിൽ ഒരു ദിവസമാണ് ഒരാൾ തൊഴിൽ എടുത്തതെങ്കിൽ പോലും മേൽ പറഞ്ഞതുക അടയ്ക്കാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്. -

VI.കരാറുകാരൻ നിയോഗിച്ചിട്ടുള്ള വാഹന ജീവനക്കാരുടെ EPF/ESI എന്നിവ അയാൾ നേരിട്ട് അടയ്ക്കാൻ തീരുമാനിക്കുന്ന പക്ഷം അങ്ങനെ അടയ്ക്കാവുന്നതും, എന്നാൽ അങ്ങനെ അടയ്ക്കാൻ തീരുമാനിച്ച വിവരം രേഖാമൂലം മുൻകൂറായി അറിയിക്കേണ്ടതും, അങ്ങനെ അടച്ചതിന്റെ രസീതോ, ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ തെളിവുകളോ അതാത്മാസത്തെ ട്രാൻസ്പോർട്ടേഷൻ ബില്ലിനോടൊപ്പം സമർപ്പിക്കേണ്ടതുമാണ്. ഏതെങ്കിലും കാരണവശാൽ പണമടയ്ക്കാൻ വൈകുകയോ നിശ്ചിത നിരക്കിൽ നിന്ന് കുറച്ച് അടയ്ക്കുകയോ ചെയ്താൽ പിഴയടക്കം കുടിശ്ശിഖ വന്ന EPF/ESI തുക ബന്ധപ്പെട്ട അധികാരികളുടെ നിർദ്ദേശാനുസരണം ബിൽ തുകയിൽ നിന്ന് പിടിച്ച് ബന്ധപ്പെട്ട സ്ഥാപനത്തിൽ അടയ്ക്കുന്നതായിരിക്കും .

VII. കരാറുകാരൻ നിയോഗിച്ച വാഹന ജീവനക്കാർ ESI/EPF നിയമങ്ങൾക്കനുസരിച്ചുള്ള ആനുകൂല്യങ്ങൾക്ക് അർഹരായിരിക്കു

കയും, എന്നാൽ അത്തരം നിയമാനുസൃതമായ സംഭാവനകൾ അടയ്ക്കുന്നതിൽ കരാറുകാരൻ വീഴ്ച വരുത്തുകയും ചെയ്താൽ, പ്രസ്തുത തുക കരാറുകാരന്റെ ബില്ലിൽ നിന്ന് പിടിച്ച് ബന്ധപ്പെട്ട അധികാര കേന്ദ്രങ്ങളിൽ ടി.ആർ.സി.എം.പി.യു നേരിട്ട് അടയ്ക്കുന്നതായിരിക്കും.

56. സമയക്രമം: വിതരണ റൂട്ടിന്റെ സമയക്രമത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ യൂണിറ്റ് തലത്തിൽ കരാറുകാരനെ അറിയിക്കുന്നതും യൂണിറ്റ് മേധാവിയോ, അദ്ദേഹത്തെ പ്രതിനിധീകരിക്കുന്നവരോ സമയക്രമത്തെ കുറിച്ച് നൽകുന്ന നിർദ്ദേശങ്ങളും, നിബന്ധനകളും പാലിക്കാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്. സമയക്രമം പാലിക്കുക എന്നത് ഈ കരാറിന്റെ കാതലായതിനാൽ, അതിൽ വീഴ്ച വരുത്തുന്ന പക്ഷം യൂണിറ്റിന് ഉണ്ടാകുന്ന എല്ലാ കഷ്ട നഷ്ടങ്ങളും കരാറുകാരനിൽ നിന്ന് പിഴ അടക്കം ഈടാക്കാവുന്നതുമാകുന്നു.

57. A) വാഹനത്തിനെയും, വാഹന ജീവനക്കാരെയും മൊത്തത്തിൽ സംരക്ഷിക്കുന്ന ഒരു ഇൻഷുറൻസ് പദ്ധതി കരാറുകാരൻ ഏതെങ്കിലും ദേശീയ അംഗീകൃത ഇൻഷുറൻസ് കമ്പനിയിൽ നിന്ന് എടുക്കേണ്ടതാകുന്നു.

B) ഒരു വിതരണ വാഹനത്തിൽ ഒരു ഡ്രൈവറും, ഒരു അറ്റൻഡറുമടക്കം 2 ജീവനക്കാരിൽ കൂടുതൽ ഏതൊരു കാരണവശാലും അനുവദിക്കുന്നതല്ല.

58. <u>പാലും, പാൽ ഉല്പന്നങ്ങളും കയറ്റി ഇറക്കാനും, വിതരണം ചെയ്യാനും ഡെയറിയിൽ നിന്ന് ഒരു കാരണവശാലും ജീവനക്കാരെ അനുവദിക്കുന്നതല്ല. വിതരണം ചെയ്യേണ്ട പാലും, പാൽ ഉല്പന്നങ്ങളും, ഡെസ്പാച്ച് ഡോക്കിൽ നിർദ്ദിഷ്ട സ്ഥലം വരെ മാത്രമേ എത്തിച്ച് തരുകയുള്ളൂ.</u> യൂണിറ്റ് മേധാവിയുടെയോ മാർക്കറ്റിംഗ് വിഭാഗം ജീവനക്കാരുടെയോ നിർദ്ദേശാനുസരണം പാലും, പാൽ ഉത്പന്നങ്ങളും വിവിധ വിപണന കേന്ദ്രങ്ങളിൽ ശരിയായ രസീത് കൈപ്പറ്റി എത്തിക്കുക എന്നത് കരാറുകാരന്റെ ഉത്തരവാദിത്തമാണ്. മടക്കയാത്രയിൽ തന്നെ കാലി ട്രേകളും/ക്രേറ്റുകളും തിരിച്ചെടുത്ത് ഡെറയിയിൽ എത്തിക്കേതാണ്. എന്തെങ്കിലും കൃത്രിമം കാണിക്കുന്നതിലൂടെയോ, അളവിൽ കുറവ് വരുത്തുന്നതിലൂടെയോ, ട്രേ/ക്രേയ്റ്റുകൾ നഷ്ടപ്പെടുത്തുന്നതിലൂടെയോ ഡെയറിക്കുണ്ടാവുന്ന നഷ്ടം പിഴയടക്കം കരാറുകാരനിൽനിന്ന് ഈടാക്കുന്നതായിരിക്കും. പിഴയടക്കം ഡെറയിക്കുണ്ടാകുന്ന എല്ലാ കഷ്ട നഷ്ടങ്ങളുടെയും തോതും

നിരക്കും തീരുമാനിക്കാനുള്ള അന്തിമമായ അവകാശം ഡെയറി മാനേജറിൽ മാത്രം നിക്ഷിപ്തമാണ്.

59. പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ദൂരം ഏകദേശം മാത്രമാണ്. ദൂരത്തെ സംബന്ധിച്ച് എന്തെങ്കിലും തരത്തിലുള്ള ആക്ഷേപമോ തർക്കമോ ഉടലെടുത്താൽ യൂണിറ്റ് മേധാവിയുടെ അംഗീകൃത പ്രതിനിധിയും, കരാറുകാരനും ഒരുമിച്ച് സംയുക്ത പരിശോധന നടത്താവുന്നതാണ്.

60. മിൽമയുടെ പരസ്യം യൂണിറ്റ് മേധാവി നിർദ്ദേശിക്കുന്ന തരത്തിൽ വിതരണ വാഹനത്തിന്റെ ഇരുവശത്തും ആകർഷണീയമായ രീതിയിൽ ഒട്ടിയ്ക്കുകയോ പെയിന്റ് ചെയ്യുകയോ ചെയ്യേണ്ടതാണ്. പരസ്യം ഒട്ടിയ്ക്കാനോ പെയിന്റ് ചെയ്യാനോ വേണ്ടിവരുന്ന ചിലവ് യൂണിയൻ വഹിക്കുന്നതാണ്.

61. കരാറുകാരൻ വാഹനത്തിൽ ക്യാഷ് കളക്ഷൻ ബോക്സ് കൊണ്ട് പോകേണ്ടതും, അവയിലൂടെ കൈപ്പറ്റുന്ന തുക സംബന്ധമായ കണക്കുകൾ ഓരോ ട്രിപ്പിന് ശേഷവും ഡെയറിയിൽ സമർപ്പിച്ച് രസീത് കൈപ്പറ്റേണ്ടതുമാകുന്നു. പാലിനും, പാൽ ഉല്പന്നങ്ങൾക്കും വേണ്ടി സ്വീകരിക്കുന്ന പണത്തിനും/ പണപ്പൊതിയ്ക്കും/ ബില്ലുകൾക്കും കൃത്യമായ രസീത് നൽകേണ്ട ഉത്തരവാദിത്തം കരാറുകാരനിൽ നിക്ഷിപ്തമാണ്.

62. ഹോട്ടലുകൾ, ഹോസ്പിറ്റലുകൾ അടക്കമുള്ള സ്ഥാപനങ്ങൾക്ക് അടുക്കളയിലോ, അവർ നിർദ്ദേശിക്കുന്ന സ്ഥലത്തോ പാൽ/ തൈര് അടങ്ങിയ ട്രേകൾ എത്തിച്ച് നൽകേണ്ടതും, പാൽ/ തൈര് കൈപ്പറ്റിയതിന് സ്ഥാപനത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും (ഡെസ്പാച്ച് ഷീറ്റിൽ) ഒപ്പ് രേഖപ്പെടുത്തി വാങ്ങേണ്ടതുമാണ്. പ്രസ്തുത നിർദ്ദേശം പാലിക്കാത്തതിനെ തുടർന്ന് ഏതെങ്കിലും സ്ഥാപനം പണം നൽകുന്നതിൽ വീഴ്ച വരുത്തിയാൽ പ്രസ്തുത നഷ്ടം കരാറുകാരനിൽ നിന്ന് ഈടാക്കുന്നതായിരിക്കും. വിപണന കേന്ദ്രത്തിന്റെ അല്ലെങ്കിൽ കച്ചവട സ്ഥാപനത്തിന്റെ ഒരുമീറ്ററിനുള്ളിൽ തറ നിരപ്പിൽ വണ്ടിയിൽ നിന്ന് പാൽ ട്രേയോ/ക്രേറ്റോ ഇറക്കിവച്ച് കൊടുക്കേണ്ട ഉത്തരവാദിത്തം കരാറുകാരനും, ബന്ധപ്പെട്ട ജീവനക്കാരനുമായിരിക്കും. മേൽ പറഞ്ഞ സ്ഥലത്ത് നിന്ന് കാലി ട്രേയും/ക്രേറ്റും എടുത്ത് വിതരണ വാഹനത്തിൽ കയറ്റേണ്ട ഉത്തരവാദിത്തവും കരാറുകാരനും, ബന്ധപ്പെട്ട വാഹന ജീവനക്കാർക്കുമായിരിക്കും.

63. പാലും, പാലുത്പന്നങ്ങളും കൃത്യമായി വിതരണം ചെയ്തു എന്ന് ഉറപ്പ് വരുത്തുന്നതിന് ഏജന്റുമാരിൽ നിന്നും, വിതരണക്കാരിൽ നിന്നും കൈപ്പറ്റിയതായിട്ടുള്ള ഒപ്പ് (ഡെസ്പാച്ച് ഷീറ്റിൽ) രേഖപ്പെടുത്തി വാങ്ങേണ്ടതും, ടി ഡെസ്പാച്ച് ഷീറ്റ് ഡെയറിയിൽ സമർപ്പിക്കേണ്ടതും കരാറുകാരന്റെ ഉത്തരവാദിത്തമാണ്. അത്തരത്തിൽ പാലും, പാലുത്പന്നങ്ങളും കൈപ്പറ്റിയതായി ഡെസ്പാച്ച് ഷീറ്റിലോ/ ഡെസ്പാച്ച് നോട്ടിലോ രേഖപ്പെടുത്താതിരിക്കുകയോ, അത്തരം രേഖ കൃത്രിമമായി ഉണ്ടാക്കുകയോ, തിരുത്തുകയോ ചെയ്തതായി യൂണിയന് ബോധ്യമായാൽ അത്തരം കൃത്രിമം കാട്ടിയ പാലിന്റെയോ/പാൽ ഉല്പന്നത്തിന്റെയോ വിലയും, ഒപ്പം വിലയുടെ ഇരട്ടി വരുന്ന തുകയിൽ അധികരിക്കാത്ത തുക പിഴയായും കരാറുകാരനിൽ നിന്ന് യൂണിയൻ ഈടാക്കുന്നതായിരിക്കും.

64. <u>**വിശേഷ ദിവസങ്ങളിലും ഉത്സവ വേളകളിലും ഡെയറിയ്ക്ക് ഉചിതമാണെന്ന് തോന്നുന്ന ദിവസങ്ങളിലും, അധിക ട്രിപ്പ് ഓടിക്കാൻ കരാറുകാരന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതാണ്. അത്തരം അധിക ട്രിപ്പിനുള്ള പണം ആകെ വിതരണം ചെയ്ത പാൽ, തൈര്, ലസ്സി, സംഭാരം എന്നിവയുടെ ഓരോ ലിറ്ററിനുമുള്ള നിരക്ക് കണക്കാക്കിയായിരിക്കും നൽകുക.**</u>

65. യൂണിയന് നിയന്ത്രണാധികാരമില്ലാത്ത പണിമുടക്ക്, ഹർത്താൽ, ബന്ദ് തുടങ്ങിയ ദിവസങ്ങളിൽ വാഹനം ഓടിക്കാത്ത ട്രിപ്പുകൾക്ക് പണം ആവശ്യപ്പെടാൻ കരാറുകാരന് യാതൊരു വിധ അവകാശവും ഉണ്ടായിരിക്കുന്നതല്ല.

66. കരാറുകാരനും അയാളെ പ്രതിനിധീകരിക്കുന്ന വാഹന ജീവനക്കാരും ഏജന്റുമാരോടും, വിതരണക്കാരോടും, ഇടപാടുകാരോടും മാന്യമായും, മര്യാദപൂർവ്വവും പെരുമാറേണ്ടതാണ്. ഏജന്റുമാരിൽ നിന്നോ ഇടപാടുകാരിൽ നിന്നോ കരാറുകാരന്റെയോ, വാഹനജീവനക്കാരുടെയോ പെരുമാറ്റത്തെ കുറിച്ച് സ്ഥിരമായോ, നിരന്തരമായോ പരാതി ലഭിക്കുകയാണെങ്കിൽ പിഴ ഈടാക്കാവുന്നതും, ഉചിതമെന്ന് തോന്നിയാൽ കരാർ തന്നെ റദ്ദ് ചെയ്യാവുന്നതുമാണ്.

67. <u>**ഡെയറി ഡെസ്പാച്ച് ഡോക്കിൽ നിർദ്ദിഷ്ട സ്ഥലത്ത് ട്രേകളിൽ അട്ടിയിട്ട് വച്ചിട്ടുള്ള പാല്/ തൈര്/ സംഭാരം/ലസ്സി എന്നിവ പരിശോധിച്ച്, എണ്ണം തിട്ടപ്പെടുത്തി, ചോർച്ചയുള്ള പാക്കറ്റുകൾ മാറ്റിയെടുത്ത് വാഹനത്തിൽ കയറ്റേണ്ട ഉത്തരവാദിത്തം കരാറുകാരനിൽ മാത്രം നിക്ഷിപ്തമാണ്.**</u>

**ഏര്യ ഡിസ്ട്രിബ്യൂഷൻ റൂട്ടിന് ബാധകമായ പ്രത്യേക നിബന്ധനകൾ**

1. പട്ടികയിൽ പറഞ്ഞിട്ടുള്ള ഓരോ റൂട്ടിനും നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന അളവിന്റെ ഓരോ ലിറ്ററിനുമുള്ള നിരക്ക് വേണം കരാറുകാരൻ രേഖപ്പെടുത്തേണ്ടത്.

2. അടിസ്ഥാന അളവിന്റെ മുകളിൽ അധികമായി വിൽക്കുന്ന ഓരോ ലിറ്ററിനും 40 പൈസ(40 പൈസ മാത്രം) എന്ന നിരക്കിൽ കരാറുകാരന് നൽകുന്നതായിരിക്കും (അടിസ്ഥാന അളവിന് മുകളിൽ അധികം വിൽക്കുന്ന അളവിന് മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു.)

3. ഓണം നാളുകളിൽ (പൂരാടം, ഉത്രാടം, തിരുവോണം) താഴെ പറയും പ്രകാരമായിരിക്കും കരാറുകാരന് പണം നൽകുക .

a) അടിസ്ഥാന അളവ് വരെ നിലവിൽ അംഗീകരിച്ച കരാർ നിര ക്കനുസരിച്ചായിരിക്കും പണം നൽകുക.

b) അടിസ്ഥാന അളവിന് മുകളിലുള്ള ഓരോ ലിറ്ററിനും നിലവിലുള്ള അംഗീകൃത കരാർ നിരക്കിനോടൊപ്പം 40 പൈസ അധികമായി നൽകുന്നതായിരിക്കും.

c) മൊത്തം വിതരണം ചെയ്തതിന്റെ അളവ് (മൊത്തം ലിറ്റർ) കണക്കാക്കുമ്പോൾ പാൽ, തൈര്, സംഭാരം എന്നിവയുടെ ആകെ വിതരണം ചെയ്ത അളവ് കൂടി പരിഗണിക്കുന്നതായിരിക്കും.

d) ഓണം ദിവസങ്ങളിൽ മേൽ പറഞ്ഞ നിരക്കുകൾക്ക് മുകളിൽ ഒരു സാഹചര്യത്തിലും മറ്റൊരു ആനുകൂല്യങ്ങളും കരാറുകാരന് നൽകുന്നതല്ല.

4. രേഖപ്പെടുത്തിയ നിരക്കിനുള്ളിലാവണം വാഹന ജീവനകാർക്ക് വേതനം (ഒരു ഡ്രൈവർ, ഒരു അറ്റൻഡർ) സകല നികുതികളും, തീരുവകളും, ചുങ്കങ്ങളും, കടത്ത് കൂലിയുമടക്കം വരേണ്ടത്.
5. മുൻകൂർ പണമടച്ചാൽ മാത്രമേ പാലും, പാലുത്പന്നങ്ങളും നൽകുകയുള്ളൂ.
6. വർക്ക്ഓർഡർ നൽകി കഴിഞ്ഞാൽ ഏര്യാ ഡിസ്ട്രിബ്യൂട്ടർക്ക് വിതരണ പരിധി വർദ്ധിപ്പിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.
7. റൂട്ടിലെ നിലവിലുള്ള വില്പനയുടെ അളവായിരിക്കും അടിസ്ഥാന

അളവായി പരിഗണിക്കുക.

8. <u>ഏതെങ്കിലും കാരണവശാൽ വില്പന അളവ്, അടിസ്ഥാന അളവിനെക്കാൾ താഴേയ്ക്ക് വരുകയാണെങ്കിൽ, കരാർ നൽകിയപ്പോൾ ഉള്ള അടിസ്ഥാന അളവിന്റെ 90% സംരക്ഷണ അളവായി കണക്കാക്കുന്നതായിരിക്കും.</u>
9. ഏര്യാ ഡിസ്ട്രിബ്യൂട്ടർ മുൻകൂർ പണമടയ്ക്കുന്ന ആളെന്ന നിലയ്ക്ക് പെട്ടെന്ന് ഉണ്ടായേക്കാവുന്ന ആവശ്യങ്ങളും / അധിക ബുക്കിംഗും കണക്കിലെടുത്ത് അധികം പാലും പാലുത്പന്നങ്ങളും കൂടെ കൊണ്ട് പോകേണ്ടതാണ്.
10. മൂന്ന് മാസ കാലയളവിൽ അടിസ്ഥാന അളവിന്റെ മുകളിൽ കൈവരിച്ച വില്പന അളവിന്റെ 50% കൂടി കൂട്ടി ആയിരിക്കും അടുത്ത മൂന്ന് മാസകാലത്തേയ്ക്കുള്ള അടിസ്ഥാന അളവ് നിശ്ചയിക്കുക . അത്തരത്തിൽ ഓരോ മൂന്ന് മാസകാലവും അടിസ്ഥാന അളവ് പുനർ നിശ്ചയിക്കുന്നതായിരിക്കും. അങ്ങനെ ഓരോ മൂന്ന് മാസകാലവും പുനർ നിർണ്ണയിക്കുന്ന അടിസ്ഥാന അളവിന്, കരാർ പ്രകാരം രേഖപ്പെടുത്തിയ നിലവിലെ നിരക്ക് മാത്രമേ നൽകുകയുള്ളൂ.
11. അധിക ലോഡ്/അളവ് വരുന്ന മുറയ്ക്ക് അധിക വാഹനങ്ങൾ സജ്ജീകരിച്ച് സമയ ബന്ധിതമായി വിതരണം നടത്തേണ്ട ഉത്തരവാദിത്തം കരാറുകാരൻ/ഏര്യാ ഡിസ്ട്രിബ്യൂട്ടറുടേതായിരിക്കും.

ഡെയറി മാനേജർ
മാനേജിംഗ് ഡയറക്ടർക്ക് വേണ്ടി

## ANNEXURE-1

**<u>1.ടെണ്ടർ സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ</u>**

1.1. നിലവിലുള്ള വാഹനമുപയോഗിച്ച് കരാർ നടത്തുവാൻ ആഗ്രഹിക്കുന്നവർ ടെണ്ടറിൽ പങ്കെടുക്കുമ്പോൾ അവരുടെ വാഹന നമ്പർ ടെണ്ടറിൽ കാണിച്ചിരിക്കണം.
1.2. ടെണ്ടറിനൊപ്പം അപ്‌ലോഡ് ചെയ്യേണ്ട ഡോക്യുമെന്റ്സ്

1.2.1 വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ബുക്കിൽ (RC Book) ഉടമസ്ഥത തെളിയിക്കുന്ന ഭാഗം/ വാഹനത്തിന്റെ നിർമ്മാണ വർഷം എന്നിവ കാണിക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ ഫോട്ടോസ്റ്റാറ്റ് രേഖകൾ.

**അല്ലെങ്കിൽ**

പുതിയതായി വാഹനം വാങ്ങാനുദ്ദേശിക്കുന്നവർ പുതുതായി വാങ്ങുന്ന വാഹനത്തിനായുള്ള പ്രൊഫോർമ ഇൻവോയ്സ്

**അല്ലെങ്കിൽ**

കരാറിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരമുള്ള വാഹനം ഡയറി നിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ ഹാജരാക്കാം എന്ന് 200 രൂപ മുദ്രപത്രത്തിൽ രേഖപ്പെടുത്തിയ

ടെൻണ്ടറർ നൽകുന്ന ഉടമ്പടി പത്രം. (page no.45)

1.2.2 നിലവിലുള്ള പഫ് ഇൻസുലേറ്റഡ് കണ്ടെയ്നർ ബോഡിവാഹനം ഉപയോഗിച്ച് കരാർ നടത്തുവാൻ ഉദ്ദേശിക്കുന്ന സാഹചര്യത്തിൽ പഫ് ഇൻസുലേഷൻ ചെയ്ത സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രം.

1.2.3 ടെണ്ടർ സമർപ്പിക്കുന്ന ആളിന്റെ ആധാർകാർഡ്

1.2.4 ടെണ്ടർ ഫോമിന്റെ എല്ലാ പുറങ്ങളിലും ടെണ്ടർ സമർപ്പിക്കുന്ന ആളിന്റെ ഒപ്പ് രേഖപ്പെടുത്തിയ കോപ്പി

1.2.5 200 രൂപ മുദ്രപത്രത്തിൽ രേഖപ്പെടുത്തിയ കരാർ (ഉള്ളടക്കം ചെയ്തിട്ടുള്ളത് (page no13&14)

1.3. വാഹനങ്ങൾ 2016-ാം വർഷമോ അതിന് ശേഷമോ നിർമ്മിച്ചതായിരിക്കണം

1.3.1. <u>പുതിയതായി വാങ്ങാനുദ്ദേശിക്കുന്ന വാഹനങ്ങൾ</u> – ഇത്തരം വാഹനങ്ങൾ കരാർ ഉറപ്പിച്ച ശേഷം 15 ദിവസത്തിനുള്ളിൽ വാങ്ങി രജിസ്ട്രേഷൻ സഹിതം ഹാജരാക്കേണ്ടതുണ്ട്.

1.4. ട്രാൻസ്പോർട്ട് വാഹനങ്ങൾ ഘടിപ്പിക്കേണ്ട പഫ്ബോഡിയുടെ വിവരങ്ങൾ – ടെണ്ടർ ഡോക്യുമെന്റിലെ 32-ാം നമ്പർ വ്യവസ്ഥ പാലിക്കേണ്ടതാണ്.

1.5. രജിസ്ട്രേഷൻ ബുക്കിൽ പേരു കാണിച്ച പ്രകാരമുള്ള ഉടമസ്ഥനും കരാർ ഏറ്റെടുക്കുന്ന ആളും ഒരാൾ തന്നെ ആയിരിക്കണം. മറ്റൊരാളുടെ പേരിലുള്ള വാഹനം ഉപയോഗിച്ചുകൊണ്ട് റൂട്ടുകൾ ഓടുവാൻ അനുവദിക്കുന്നതല്ല.

1.6. ഒരേ വാഹനം കാണിച്ചുകൊണ്ട് ഒന്നിലധികം റൂട്ടുകളിൽ ടെണ്ടർ സമർപ്പിക്കാം. ഓരോന്നിനും പ്രത്യേകം EMD വെയ്ക്കണം. എന്നാൽ പല റൂട്ടുകളിൽ ഒരേ വാഹനം കരാറിന് പരിഗണിക്കപ്പെടാൻ യോഗ്യമാവുകയാണെങ്കിൽ ഏതു റൂട്ടിൽ കരാർ നൽകണമെന്ന് മിൽമ നിശ്ചയിക്കുന്നതാണ്.

1.7. പുതിയതായി വാഹനം വാങ്ങാനുദ്ദേശിക്കുന്നവർക്കും ടെണ്ടറിൽ പങ്കെടുക്കാം. അത്തരം സാഹചര്യത്തിൽ പുതിയ വാഹനം സംബന്ധിയായ വിവരങ്ങൾ ടെണ്ടറിൽ കാണിച്ചിരിക്കണം. (ഇത് പൂരിപ്പിക്കുവാനുള്ള ഭാഗം നിരക്ക് എഴുതുന്ന പേജിൽ തന്നെ ഉണ്ട്.) പുതുതുതായി വാങ്ങുന്ന വാഹനത്തിനായുള്ള പെർഫോർമ ഇൻവോയ്സ് ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

1.8. നിലവിൽ രജിസ്ട്രേഷനുള്ള വാഹനത്തിന്റെ നമ്പരോ, ടെണ്ടർ ലഭിച്ചു കഴിഞ്ഞാൽ വാഹന കമ്പനികളിൽ നിന്നും പുതിയതായി വാങ്ങാനുദ്ദേശിക്കുന്ന വാഹനത്തിന്റെ വിവരമോ ടെണ്ടറിൽ കാണിച്ചു കഴിഞ്ഞാൽ പിന്നെ കരാർ നടത്തിപ്പിന് പ്രസ്തുത വാഹനം തന്നെ ഉപയോഗിക്കാൻ കരാറുകാരൻ ബാധ്യസ്ഥനായിരിക്കും. ഓരേ റൂട്ടിൽ ഒരേ വാഹനം കാണിച്ച് ഒന്നിലധികം ടെണ്ടർ സമർപ്പിച്ചാൽ അത്തരം ഒരു ടെണ്ടറും പരിഗണിക്കപ്പെടുന്നതല്ല.

1.9. ഒരേ റൂട്ടിൽ ഒരാൾ തന്നെ വ്യത്യസ്ഥ വാഹനങ്ങൾ കാണിച്ച് ടെണ്ടർ സമർപ്പിക്കുകയും അവയിലൊന്ന് ഏറ്റവും കുറഞ്ഞ നിരക്കായി വിജയിക്കുകയും ചെയ്താൽ ആ നിരക്കിൽ തന്നെ ടിയാൻ വാഹനം ഓടിക്കേണ്ടതാണ്. കുറഞ്ഞ നിരക്കിലോടുന്ന വാഹനം പിൻവലിച്ചാൽ പിന്നെ പ്രസ്തുത റൂട്ടിൽ ടിയാന്റെ മറ്റൊരു ടെണ്ടറും പരിഗണിക്കുന്നതല്ല.

1.10. ടെണ്ടറിൽ വിജയിക്കുന്നവർ, കരാറുറപ്പിക്കുന്ന റൂട്ടിൽ വാഹനമോടിക്കുവാൻ ബാധ്യസ്ഥരാണ്. കരാർ നൽകിക്കൊണ്ടുള്ള ഉത്തരവ് പ്രകാരമുള്ള നിബന്ധനകൾ നിശ്ചിത സമയത്തിനകം പാലിക്കാത്തവരുടെ നിരതദ്രവ്യം (EMD- Earnest Money Deposit) തിരികെ ലഭിക്കുന്നതല്ല.

1.11. കരാർ ലഭിക്കാത്തവർക്ക് EMD ഒരു മാസത്തിനകം ബാങ്ക് അക്കൗണ്ടിൽ കൂടി മാത്രം മാറാവുന്ന വിധത്തിലുള്ള ചെക്കായി മടക്കി ലഭിക്കുന്നതാണ്.

1.12. മിൽമ ജീവനക്കാർക്കോ മിൽമയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ക്ഷീരസംഘങ്ങളിലെ ജീവനക്കാർക്കോ ടെണ്ടറിൽ പങ്കെടുക്കാൻ യോഗ്യത ഉണ്ടായിരിക്കുന്നതല്ല.

1.13. കരാറുകാരന്റെ ബില്ലിൽ നിന്നും നിയമാനുസൃതമായ ആദായ നികുതി ഈടാക്കുന്നതാണ്. കരാറുകാർ ഇൻകം ടാക്സ് സംബന്ധിയായുള്ള PAN Card ആദ്യ ബില്ല് പാസ്സാക്കുന്നതിനു മുമ്പ് ഹാജരാക്കുവാൻ ബാധ്യസ്ഥനാണ്. കരാറുകാരൻ തന്റെ കൈവശം 10 എണ്ണത്തിൽ കുറവ് വാഹനങ്ങളാണ് ഉള്ളതെങ്കിൽ ആയത് സംബന്ധിച്ച് ഒരു സത്യവാങ്മൂലം എഴുതി നൽകേതാണ്.

1.14. കരാറുകാരൻ തന്റെ വാഹനത്തിനും വാഹന ജീവനക്കാർക്കും വേണ്ടി ഇൻഷ്യൂറൻസ് എടുക്കേണ്ടതാണ്. ആയതിന്റെ കോപ്പി ഡെയറി മാനേജർക്ക് സമർപ്പിക്കേണ്ടതുമാണ്.

## 2. <u>കരാർ നടത്തിപ്പിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.</u>

2.1. അവധി ദിവസങ്ങൾ, ഹർത്താൽ, ബാങ്ക് പണിമുടക്കു ദിവസങ്ങൾ എന്നിങ്ങനെയുള്ള ദിവസങ്ങൾ ഉൾപ്പെടെ വർഷത്തിൽ എല്ലാ ദിവസവും വാഹനങ്ങൾ ഓടിക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്

2.2. ബ്രേക്ക് ഡൗൺ, റിപ്പയർ, അപകടം, അഥവാ മറ്റു കാരണങ്ങൾ ഇവയാൽ ട്രിപ്പ് നടത്തിപ്പിനായി പതിവു വാഹനം ലഭ്യമല്ലാതെ വന്നാലോ, ഓട്ടം ട്രിപ്പിനിടയിൽ നിർത്തേണ്ടി വന്നാലോ ബദൽ സംവിധാനം ഏർപ്പാടാക്കി പാൽ സംഭരണവും

വിതരണവും ബന്ധപ്പെട്ട മറ്റു കാര്യങ്ങളും മുടക്കമോ താമസമോ കൂടാതെ നടത്തുവാൻ കരാറെടുക്കുന്നവർ ബാധ്യസ്ഥമായിരിക്കും.

2.3. മേൽക്കാര്യങ്ങളിൽ വീഴ്ച വരുത്തുന്നതു മൂലമുള്ള നഷ്ടം കരാറുകാരനിൽ നിന്നും യുക്തമായ രീതിയിൽ ഈടാക്കുന്നതായിരിക്കും. വാഹനം കൈകാര്യം ചെയ്യുന്നതിലെ അപാകത മൂലം മിൽമയുടെ സ്ഥാവരജംഗമ വസ്തുക്കൾക്കു വരുന്ന നഷ്ടവും ഇപ്രകാരം ഈടാക്കുന്നതാണ്.

2.4. പാൽ വിതരണ സംബന്ധിയായി കരാറുകാരനെ ഏൽപ്പിക്കുന്ന എല്ലാ വസ്തുക്കളും കൃത്യമായ കണക്കു പ്രകാരം ഉദ്ദേശിക്കപ്പെട്ട രീതിയിൽ ക്രയവിക്രയം ചെയ്യേണ്ടതാണ്. തിരിച്ചേൽപ്പിക്കുവാൻ ബാധ്യസ്ഥമായവ കരാറുകാരനിൽ നിന്നും ലഭിക്കാതെ പോയാൽ അവയുടെ വില കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ്.

2.5. മോഷണം, തൃപ്തികരമല്ലാത്ത പെരുമാറ്റം, തൃപ്തികരമായ സേവനം നൽകാതിരിക്കൽ, സുരക്ഷിതത്വ കാരണങ്ങൾ മുതലായവ കാരണം കരാറുകാരന്റെ ഏതെങ്കിലും ജീവനക്കാരനെ ജോലിയിൽ നിന്നും മാറ്റി നിർത്തണമെന്നു മിൽമ ആവശ്യപ്പെട്ടാൽ അപ്രകാരം ചെയ്യുവാൻ കരാറുകാരൻ ബാധ്യസ്ഥനായിരിക്കും.

2.6. **വിതരണ വാഹനത്തിൽ കയറ്റുന്നതിനായി മിൽമയുടെ ജീവനക്കാർ ഡെസ്പാച്ച് ഡോക്കിൽ അട്ടി വെയ്ക്കുന്ന പാലും പാലുൽപ്പന്നങ്ങളും ഡെസ്പാച്ച് ഷീറ്റിൽ പറയുന്നതു പ്രകാരം പാൽ വിതരണ വാഹനത്തിൽ കയറ്റേണ്ടത് ബന്ധപ്പെട്ട വാഹന ജോലിക്കാരായിരിക്കും. വാഹനത്തിലേക്ക് വെയ്ക്കുന്നതിനു മുമ്പ് ഓരോ ട്രേയും പരിശോധിച്ച് ലീക്ക് പാക്കറ്റുകൾ ഇല്ലായെന്ന് നോക്കി ട്രേകൾ ലോഡ് ചെയ്യേണ്ടതിന്റെ ഉത്തരവാദിത്വം വാഹന കോൺട്രാക്ടർക്ക് ആയിരിക്കും.**

2.7. വിതരണ വാഹനത്തിലെ ഏജന്റുമാർക്ക് അവരുടെ കടകളിൽ ഇറക്കി നൽകേണ്ട ഉത്തരവാദിത്വം വാഹന കോൺട്രാക്ടർക്ക് ആയിരിക്കും.

2.8. പാൽ വിതരണം കഴിഞ്ഞ് തിരികെയെത്തുന്ന ട്രേകൾ, ക്യാനുകൾ ക്രേറ്റുകൾ, വിതരണ സംബന്ധിയായ മറ്റു കണ്ടെയ്നറുകളും സാമഗ്രികളും എന്നിവ 'റിട്ടേൺ' നൽകി അപ്പപ്പോൾ കണക്ക് ബോധിപ്പിക്കേണ്ടത് കരാറുകാരന്റെ ജീവനക്കാരുടെ ചുമതലയായിരിക്കും.

2.9. പാൽ വിതരണ റൂട്ടുകളിൽ ഡീലർമാരിൽ നിന്നും പണവും ഓർഡറുകളും പാൽ വിതരണം നടക്കുമ്പോൾ തന്നെ സ്വീകരിച്ചു വരേണ്ടത് കരാറുകാരന്റെ ചുമതലയായിരിക്കും. ഇതിനായി ബന്ധപ്പെട്ട യൂണിറ്റുകളിൽ നിന്നും നൽകുന്ന ബില്ലിംഗ് മെഷീൻ ഉപയോഗിക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. ബില്ലിംഗ് മെഷീൻ സ്വീകരിച്ച പണവും ഓർഡറുകളും ബില്ലിംഗ് മെഷീൻ സഹിതം ട്രിപ്പ് അവസാനിക്കുമ്പോൾ തന്നെ ബന്ധപ്പെട്ട യൂണിറ്റുകളിലെ ക്യാഷ് കൗണ്ടറിൽ ഏൽപ്പിച്ച് രസീതു വാങ്ങേണ്ടതാണ്. കരാറുകാരൻ ബില്ലിംഗ് മെഷീനിൽ സ്വന്തം പേരിൽ എടുത്ത "SIM Card" ഉപയോഗിക്കേണ്ടതാണ്. ഇതിനു വരുന്ന പ്രതിമാസ ചെലവ് 200 രൂപ വരെ യൂണിയൻ വഹിക്കുന്നതാണ്.

2.10. കരാറുകാരൻ തന്റെ വാഹനത്തിൽ GPS സംവിധാനം ഘടിപ്പിക്കുവാൻ അനുവദിക്കേണ്ടതാണ്.

2.11. പതിവായ രീതിയിൽ കൃത്യസമയത്ത് പാൽ വിതരണമോ സംഭരണമോ നടത്തുന്നതിൽ കരാറുകാരന്റെ ഭാഗത്തുനിന്നും വീഴ്ച വന്നാൽ ബദൽ സംവിധാനങ്ങൾ മിൽമ

ഏർപ്പെടുത്തുകയാണെങ്കിൽ അതിന്റെ മുഴുവൻ അധികച്ചിലവും കരാറുകാരൻ വഹിക്കേണ്ടി വരുന്നതാണ്.

2.12. നിശ്ചയിക്കപ്പെട്ട റൂട്ടിൽ ഒരു ട്രിപ്പിൽ കൂടുതൽ വാഹനം ഓടേണ്ട സാഹചര്യമുണ്ടെങ്കിൽ, നിശ്ചയിക്കപ്പെട്ട നിരക്കിൽ തന്നെ കൂടുതൽ ട്രിപ്പുകൾ ഓടിക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനായിരിക്കും.

2.13. സമയാസമയങ്ങളിലെ RTA യുടെ പുതുക്കിയ നിർദ്ദേശങ്ങൾ പാലിക്കാൻ കരാറുകാർ ബാധ്യസ്ഥരാണ്.

2.14. പാൽ വിതരണ വാഹനങ്ങളിലെ പഫ് ബോഡിയിൽ പരസ്യം നൽകുന്നതിന് യൂണിയന് അവകാശം ഉണ്ടായിരിക്കുന്നതാണ്. പരസ്യം നൽകുന്നതിനുള്ള ചിലവ് അതാത് ഡെയറികൾ വഹിക്കുന്നതാണ്. പരസ്യം നൽകുന്നതിനുള്ള NOC ബന്ധപ്പെട്ട കോൺട്രാക്ടർ ഡെയറികൾക്ക് നൽകേണ്ടതാണ്

## 3. എഗ്രിമെന്റ്

കരാർ ലഭിക്കുന്നവർ നിശ്ചിത തിയതിക്കകം മിൽമയിൽ സെക്യൂരിറ്റി അടവാക്കി സ്വന്തം ചിലവിൽ എഗ്രിമെന്റ് വെക്കേണ്ടതാണ്.

## 4. EMD & Security

നിരതദ്രവ്യവും (EMD- Earnest Money Deposit), സെക്യൂരിറ്റി തുക എന്നിവയുടെ വിശദാംശങ്ങൾ.

| വാഹന ഇനം | EMD രൂപ | സെക്യൂരിറ്റി തുക |
|---|---|---|
| 5.0 MT | Rs.25,000/- | Rs.80,000/- |
| 3.0 MT | Rs.25,000/- | Rs.60,000/- |
| 2.0 MT | Rs.25,000/- | Rs.40,000/- |
| 1.0 MT | Rs.25,000/- | Rs.20,000/- |
| Refrigerated Truck- 3 MT | Rs.25,000/- | Rs.60,000/- |
| Refrigerated Truck- 4 MT/5 MT | Rs.25,000/- | Rs.80,000/- |
| Office Car/Jeep | Rs.25,000/- | Rs.20,000/- |

ഡെയറി മാനേജർ
മാനേജിംഗ് ഡയറക്ടർക്ക് വേണ്ടി

<u>സമ്മതപത്രം</u>

പത്തനംതിട്ട ഡയറിയിൽ പി ഡി/ എം കെ റ്റി/42/2024/09 നമ്പറായി 03/02/2024 തീയതിയിലെ ടെൻഡർ വിജ്ഞാപനപ്രകാരം ................................ റൂട്ടിലെ ടെൻഡറിൽ പങ്കെടുക്കുന്ന ഞാൻ ശ്രീ............................................... ................................................................................. (പേരു, ആധാർ മേൽവിലാസം) കരാർ ലഭിക്കുന്ന പക്ഷം ടെൻഡറിൽ നിഷ്കർഷിച്ചിട്ടുള്ള വാഹനം ഡയറി നിർദേശിക്കുന്ന കാലാവധിക്കുള്ളിൽ ഹാജരാക്കി കരാർ ഏറ്റെടുത്തു നടത്താമെന്നു ഇതിനാൽ ഉറപ്പു നൽകുന്നു

സ്ഥലം പേര്

തീയ്യതി ഒപ്പ്

(ഇതു 200/- രൂപ മുദ്ര പത്രത്തിൽ പൂരിപ്പിച്ച് ടൈപ്പ് ചെയ്ത് അപ്‌ലോഡ് ചെയ്യേണ്ടതാണ്)

The following documents (Documents Comprising Bid mentioned at Page 5 – C1 a to e) mentioned on the Quotation Notice to be uploaded to the corresponding Subcategories (OID) as per the table on tendering.

| No | | |
|---|---|---|
| 1 | a. Self attested copy of RC book to prove the ownership of the vehicle/ Document to prove the make (Year) of the vehicle<br>**OR**<br>Proforma invoice in case new vehicle is being purchased<br>**OR**<br>Agreement (format attached Page no.45) executed by the tenderer for producing the vehicle as per the tender norms within the stipulated period specified by dairy | Registration Certificate |
| 2 | b) Documents in proof of PUF insulation done for the container body of the vehicle, in case the vehicle is having PUF insulation at present. | Work completed Certificate copies |
| 3 | c) Copy of Aadhaar Card in proof of Address. | Permanent Certificate |
| 4 | d) Tender document duly signed on all sheets. | Tender Documents |
| 5 | e) Agreement (format enclosed) executed in Rs.200/-Stamp paper.(pageNo13&14) | Affidavit regarding correctness of bid |